VII. നിയമനിർമ്മാണകാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.
2. 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.
3. 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ.
4. 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ.
5. 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.
6. 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ.
7. 2004-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ.
8. 2005-ലെ കേരള പഞ്ചായത്ത്രാജ് (മൂന്നാം ഭേദഗതി) ബിൽ.

മി. സ്പീക്കർ: ബില്ലുകളുടെ അവതരണവും അതിന്മേലുള്ള വിയോജന കുറിപ്പിന്റെ ചർച്ചയും ഒരുമിച്ചെടുക്കാം. വകുപ്പുതിരിച്ചുള്ള ചർച്ച ഓരോ ബില്ലിനും പ്രത്യേകം എടുക്കാം.

(1) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(2) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(3) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

GPM. 2/608/2012—26

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(4) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(5) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(6) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(7) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(8) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. ജയരാജൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആദ്യമായിട്ട് 2003-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. ഈ ബില്ലിൽ 1994-ലെ നിയമത്തിലെ 19-ാം വകുപ്പിനുള്ള ഭേദഗതിയിൽ, 8-ാം ഉപവകുപ്പു പ്രകാരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. "യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ഉദ്യോഗസ്ഥൻ പ്രമേയത്തിന്റെ ന്യായാന്യായങ്ങളെപ്പറ്റി സംസാരിക്കാൻ പാടില്ലാത്തതും അദ്ദേഹത്തിന് വോട്ട് ചെയ്യുന്നതിന് അവകാശമില്ലാത്തതുമാകുന്നു" എന്ന ഉപവകുപ്പാണ് ചേർക്കേണ്ടത്. പിന്നീട് 22-ാം വകുപ്പിനകത്ത് ഒരു ഭേദഗതിയുണ്ട്. അവിടെ "പൊതുവിതരണ സമ്പ്രദായം" എന്നീവാക്കുകൾക്കും "എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്കും ഇടയിൽ 'ദാരിദ്ര്യ നിർമ്മാർജ്ജനം' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് എന്ന ഭേദഗതിയാണ് വരുത്തിയിരിക്കുന്നത്. പിന്നീട് 90-ാം വകുപ്പിനുള്ള ഭേദഗതി വരുകയാണ്. 90-ാം വകുപ്പിൽ 1-ാം ഉപവകുപ്പിൽ (എച്ച്) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത് "ആ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരുന്നുവെങ്കിൽ; അഥവാ "എന്ന് പറയുമ്പോൾ 90-ാം വകുപ്പ് എന്ന് പറയുന്നത് മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി മൽസരിക്കുന്നവരുടെ അയോഗ്യതയെ സംബന്ധിച്ചാണ് വിശദീകരിക്കുന്നത്. 91-ാം വകുപ്പിൽ കൗൺസിലർമാരായി വരുന്നതിലുള്ള അയോഗ്യതയെ സംബന്ധിച്ചാണ് വിവരിക്കുന്നത്. പ്രാദേശിക സർക്കാർ എന്ന പദവി തന്നെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. നമ്മുടെ ഭരണഘടനയിൽ അംഗത്വത്തിനുള്ള അയോഗ്യതകൾ പറഞ്ഞിട്ടുണ്ട്. അയോഗ്യത പറയുമ്പോൾ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാനാർത്ഥികളുടെ അയോഗ്യതയും ഒന്നായിട്ടാണ് ഭരണഘടനയിലെ 243-ാം ആർട്ടിക്കിളിൽ വ്യക്തമാക്കിയിട്ടുള്ളത്. അപ്പോൾ അംഗത്വത്തിനുള്ള അയോഗ്യതയെപ്പറ്റി അതിൽ പറയുന്നത്, ആ സംസ്ഥാനത്ത് നിയമനിർമ്മാണം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യരാക്കിയിട്ടുള്ളപക്ഷം മുനിസിപ്പാലിറ്റിയുടെ അംഗമായി തെരഞ്ഞെടുക്കുന്നതിനോ അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ് എന്നാണ്. ഇവിടെ സ്ഥാനാർത്ഥികളായി മൽസരിക്കുന്നതിലുള്ള അയോഗ്യതയും അതിനുശേഷം കൗൺസിലറായിട്ട് മൽസരിക്കുന്നതിലുള്ള അയോഗ്യതയും തമ്മിൽ പൊരുത്തക്കേടുണ്ടാകാൻ പാടില്ല. നമ്മുടെ ഭരണഘടനയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആർട്ടിക്കിൾ പ്രകാരം ഇത് രണ്ടിനും ഒരേ മാനദണ്ഡമായിരിക്കും. എന്നാൽ ഇവിടെ പൊരുത്തക്കേട് വരുകയാണ്. കാരണം നമ്മുടെ നിയമത്തിൽ (എച്ച്) ഖണ്ഡം ഇങ്ങനെ മാറ്റുകയാണ്. മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ അദ്ദേഹത്തിന് സ്ഥാനാർത്ഥിയാകാൻ പറ്റില്ല. അതേസമയം കൗൺസിലർമാരുടെ അയോഗ്യതയെ സംബന്ധിച്ച് പറയുന്നിടത്ത് (91)-ൽ പറയുന്നത് കൗൺസിലർമാരുടെ അയോഗ്യതയാണ്. അതിൽ കുറേ കാര്യങ്ങൾ പറയുന്നുണ്ട്. അതിനുശേഷം 91 (ജി) യിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ആ മുനിസിപ്പാലിറ്റിക്ക് എതിരായി അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ, അഥവാ; എന്ന് പറയുമ്പോൾ അതിൽ മാറ്റം വരുന്നില്ല. അപ്പോൾ കൗൺസിലറായിട്ട് ഇരിക്കാനുള്ള യോഗ്യതയുടെ മാനദണ്ഡത്തിൽ ഈ മുനിസിപ്പാലിറ്റിക്ക് എതിരായി കേസ് വാദിക്കുന്ന അഭിഭാഷകനെ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതായത് മുനിസിപ്പാലിറ്റിക്ക് എതിരായിട്ട് കേസ് കൊടുത്ത അഭിഭാഷകർക്ക് സ്ഥാനാർത്ഥിയാകാം. കൗൺസിലറായി തെരഞ്ഞെടുപ്പു കഴിഞ്ഞാൽ അത് അയോഗ്യതയായിട്ട് വരുകയാണ്. കൗൺസിലർ അയോഗ്യതയിൽ വരുന്നു. സ്ഥാനാർത്ഥിയെ സംബന്ധിച്ചിടത്തോളം അത് അയോഗ്യതയല്ല. ആ അയോഗ്യത നീക്കുകയാണ്. ഇത് സ്വാഭാവികമായിട്ടും നിയമത്തിലെ പൊരുത്തക്കേടാണ്. ഇതിനെ ബഹുമാനപ്പെട്ട മന്ത്രി എങ്ങനെയാണ് കാണുന്നത് എന്ന് വിശദീകരിക്കേണ്ടതാണ്. അതുപോലെ 91-ാം വകുപ്പിൽ മറ്റൊരു അയോഗ്യത സംബന്ധിച്ച് പറയുന്നുണ്ട്. പ്രധാന ആക്ടിലെ 91-ാം വകുപ്പിൽ (എഫ്) ഖണ്ഡത്തിൽ "ആർജ്ജിക്കുകയോ" എന്ന വാക്കിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ് എന്നാണ് ഭേദഗതിയിൽ പറയുന്നത്. അതായത്, "അല്ലെങ്കിൽ, ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയുടെ പദ്ധതിയോ പണിയോ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ ആ മുനിസിപ്പാലിറ്റിയുമായി കരാറിലോ പണിയിലോ ഏർപ്പെട്ടിരിക്കുകയും" എന്നാണ് പറയുന്നത്. ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന് പറയുമ്പോൾ അദ്ദേഹം ഈ അയോഗ്യത പട്ടികയിൽ വരുകയാണ്. ഈ സ്ഥാനാർത്ഥി ആകുന്നതിന് അത്തരം അയോഗ്യതയില്ല. (ജി)യിൽ പറയുന്നത് കമ്പനിയിലെ ഓഹരിക്കാരൻ ഡയറക്ടർ അല്ലാത്ത എന്ന നിലയിലോ അഥവാ ഈ ആക്ടിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുവദിക്കുന്ന പ്രകാരമോ അല്ലാതെ സർക്കാരുമായോ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുമായോ ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും കരാറിലോ അല്ലെങ്കിൽ അവർക്കുവേണ്ടി ചെയ്യുന്ന ഏതെങ്കിലും പണിയിലോ അവകാശമുണ്ടെങ്കിൽ' എന്ന് പറയുകയാണ്. ഇവിടെ ആ അയോഗ്യത

LIBRARY ARCHIVES Kerala Legislative Assembly

വരുന്നില്ല. അതേസമയം 91-ൽ ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർക്ക് അവിടെ യോഗ്യത വരുകയാണ്. ഈ പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ് എന്നുള്ളതാണ് 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

2004-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബിൽ സംബന്ധിച്ചാണ് ഇനി ഞാൻ പറയുന്നത്. ഇതിൽ 12-ാം വകുപ്പിനുള്ള ഭേദഗതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ 12-ാം വകുപ്പിന്റെ 8-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ്, അതായത് "(8എ) ചെയർപേഴ്സണായോ ഡെപ്യൂട്ടി ചെയർപേഴ്സണായോ തെരഞ്ഞെടുക്കപ്പെട്ട ആൾ താൻ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, മതിയായ കാരണങ്ങളാലല്ലാതെ, സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്തപക്ഷം അയാൾ തന്റെ ചെയർപേഴ്സൺ അഥവാ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് പ്രഖ്യാപിക്കാവുന്നതാണ്" എന്നാണ് പറയുന്നത്. തീർച്ചയായിട്ടും അതിന്റെ സമയപരിധി ചുരുക്കുന്നതാണ് നല്ലത്. അതിൽ 270-ാം വകുപ്പിനുള്ള ഒരു ഭേദഗതിയുണ്ട്. 270-ാം വകുപ്പിൽ മുനിസിപ്പാലിറ്റിക്ക് കിട്ടുന്ന സർചാർജ്ജ് സംബന്ധിച്ചാണ് പറയുന്നത്. 270-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രകാരം 1-ാം ഉപവകുപ്പിന്റെ പട്ടികയിൽ IV-ാം ഇനത്തിനുശേഷം "(IV എ) സ്ഥാവര വസ്തുവിന്റെ കീഴ്പാട്ടം അല്ലാതെയുള്ള മറ്റ് പാട്ടച്ചാർത്തിന്റെ കൈമാറ്റം. കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള തീറാധാരത്തിനുള്ള മുദ്രവില തന്നെ" എന്ന് ചേർക്കണം എന്നാണ് അതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ (IV) സ്ഥാവര വസ്തുവിന്റെ കൈവശ പണയത്തെ സംബന്ധിച്ചാണ് പറയുന്നത്. ഈ ഭേദഗതി (IVഎ) ആയിട്ട് കൂട്ടിച്ചേർക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. (IV എ) മുതൽ (IVഇ) വരെയുള്ള കാര്യങ്ങൾ സ്ഥാവര വസ്തുവിന്റെ ഒരു കൊല്ലത്തിൽ കുറഞ്ഞ പാട്ടച്ചാർത്തിനെ സംബന്ധിച്ചാണ് പറയുന്നത്. അപ്പോൾ സ്ഥാവര വസ്തുവിന്റെ കീഴ്പാട്ടം അല്ലാതെയുള്ള മറ്റ് പാട്ടച്ചാർത്തിന്റെ കൈമാറ്റം എന്നുപറയുമ്പോൾ, ഒരു ഉടമസ്ഥൻ വാടകക്കാരന് പാട്ടച്ചാർജ്ജ് കൊടുത്തിട്ടുണ്ട്; ലീസുകാരന് പാട്ടച്ചാർജ്ജ് കൊടുത്തിട്ടുണ്ട്. എന്നാൽ സബ് ലീസ് അല്ലാതെയുള്ള മറ്റ് പാട്ടച്ചാർത്തുകൾ കൈമാറ്റം എന്നുപറയുമ്പോൾ, ഉടമ ലീസുകാരന്റെ സമ്മതത്തോടുകൂടി മറ്റൊരാൾക്ക് കൊടുക്കുന്നതാണോ ഉദ്ദേശിക്കുന്നത് അതല്ലെങ്കിൽ ഉടമയുടെ സമ്മതത്തോടുകൂടി ലീസുകാരൻ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നതാണോ ഉദ്ദേശിക്കുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കേണ്ടതാണ്. മറ്റൊന്ന് 2004-ലെ കേരള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ചാണ് പറയാനുള്ളത്. ഈ ബില്ലിലെ ഭേദഗതി പ്രകാരം മുനിസിപ്പാലിറ്റി നൽകുന്ന ലൈസൻസുകളുടെ കാലാവധി മൂന്നു വർഷമായി നിജപ്പെടുത്തിയിരിക്കുകയാണ്. നിലവിലുള്ളത് ഒരു വർഷമാണ്. ആ ഒരു വർഷത്തേക്കുള്ള ലൈസൻസ് രണ്ടുവർഷമായി വർദ്ധിപ്പിക്കുന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ നല്ലത്. എന്നാൽ മൂന്നു വർഷമായിട്ടാണ് ഈ ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. കാരണം പൊല്യൂഷൻ കൺട്രോൾ നിയമം അതുപോലുള്ള നിയമങ്ങൾ ലംഘിക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിക്ക് ഇടപെടാൻ കഴിയത്തക്ക നിലയിൽ രണ്ട് വർഷമാക്കണം. അത് മൂന്നുവർഷമെന്നു പറയുന്നത് കുറച്ചുകൂടി ദീർഘിച്ച കാലയളവാണ്. അത് രണ്ടു വർഷമായി മാറ്റണം എന്നുള്ളതാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതുപോലെ 447-ാം വകുപ്പിന്റെ ഭേദഗതിയായി ഇങ്ങനെയുള്ള പീരിയേഡ് കൊണ്ടുവരുന്ന അവസരത്തിൽ അതിന്റെ (5)-ൽ പറയുന്നത് ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടമോ ബൈലായോ പ്രകാരം ഏതെങ്കിലും ലൈസൻസിനോ അനുവാദത്തിനോ അല്ലെങ്കിൽ അത് പുതുക്കുന്നതിനോ ഉള്ള ഏതൊരു അപേക്ഷയും, ലൈസൻസോ അനുവാദമോ ആവശ്യമുള്ള ആദ്യത്തെ തീയതിക്ക് മുൻപ് അല്ലെങ്കിൽ ലൈസൻസ് അവസാനിക്കുന്ന തീയതിക്ക് മുൻപ് മുപ്പത് ദിവസത്തിൽ കുറയാതെയും തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണ് എന്നാണ്. അതിൽ എന്തിനാണ് ഈ തൊണ്ണൂറ് ദിവസം ആക്കുന്നത്, അത് മുപ്പത് ദിവസം ആക്കി നിശ്ചയിക്കുന്നതാണ് നല്ലത്. ഇനി ആറാമതായിട്ട് പറയുന്നത്, "(6) ഏതെങ്കിലും ലൈസൻസിനോ അനുവാദത്തിനോ വേണ്ടിയുള്ള ഒരപേക്ഷയിൻമേൽ, ആ അപേക്ഷ സെക്രട്ടറിക്ക് ലഭിച്ചതിനുശേഷം, മുപ്പത് ദിവസത്തിനകമോ, ഏതെങ്കിലും വിഭാഗം സംഗതികൾ സംബന്ധിച്ച് നിർണ്ണയിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ, ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരുന്നാൽ, ആ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കാലത്തേക്ക് സാധാരണയായി വിധേയമാക്കപ്പെടുമായിരുന്ന നിയമത്തിനും ചട്ടങ്ങൾക്കും ബൈലായ്ക്കും എല്ലാ നിബന്ധനകൾക്കും വിധേയമായും അനുവദിക്കപ്പെട്ടിരുന്നതായി കരുതേണ്ടതാണ്" എന്നാണ്. ഇത് സാധാരണ ഗതിയിൽ അംഗീകരിക്കാവുന്നതാണ്. പക്ഷേ ഈ തൊണ്ണൂറ് ദിവസമാക്കി മാറ്റുന്നത് ആവശ്യമില്ലാത്തതാണ് എന്നതാണ് എന്റെ അഭിപ്രായം. കാരണം നിലവിലുള്ള നിയമത്തിൽ, (447-ൽ) എല്ലാംതന്നെ 30 ദിവസമാണ് പിന്നെ എന്തിനാണ് തൊണ്ണൂറ് ദിവസമാക്കുന്നത്? (447)-ൽ വ്യവസായങ്ങളും, ഫാക്ടറികളും, മറ്റു സ്ഥാപനങ്ങളും ലൈസൻസ് കൂടാതെ ഉപയോഗിച്ചുകൂടെന്ന് പറയുന്നിടത്തെല്ലാംതന്നെ മുപ്പത് ദിവസമായിട്ട് നിശ്ചയിക്കുന്നതാണ് നല്ലത്. അങ്ങനെയുള്ള ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള

വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ 30 ദിവസത്തിനുള്ളിൽ ആ സ്ഥലം അങ്ങനെയുള്ള ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള ലൈസൻസിനു വേണ്ടി സെക്രട്ടറിയോട് അപേക്ഷിക്കേണ്ടതാണ്. കൗൺസിലിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം ഉത്തരവുമൂലവും യുക്തമെന്നുതോന്നുന്ന നിബന്ധനകൾക്ക് വിധേയമായും അപായകരമോ അസഹ്യവുമോ ആയ ഒരു വ്യാപാരം നടത്തുന്നതിനായി ആ സ്ഥലം ഉപയോഗിക്കുവാൻ ലൈസൻസ് നൽകുകയോ അല്ലെങ്കിൽ അപ്രകാരമുള്ള ലൈസൻസ് നൽകുന്നതിന് പൊതു താൽപ്പര്യാർത്ഥം നിരസിക്കുകയോ ചെയ്യേണ്ടതാണ്. അതുപോലെ പിന്നീട് പറയുന്നതെല്ലാം തന്നെ മുപ്പത് ദിവസം എന്നുള്ളതാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഓരോ വർഷവും അത് പിന്നീട് തൊണ്ണൂറ് ദിവസമാക്കി മാറ്റുകയാണ്. അത് ആവശ്യമില്ലാത്തതാണ്, അത് മുപ്പത് ദിവസമായി നിശ്ചയിക്കണം. മറ്റൊന്ന് 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ചാണ്. 2004-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (538)-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ പ്രതിമാസം രണ്ടുശതമാനം നിരക്കിലുള്ള പിഴ എന്ന വാക്കുകൾക്കുപകരം പ്രതിമാസം ഒരുശതമാനം നിരക്കിലുള്ള പിഴ എന്ന വാക്കുകൾ ചേർക്കേണ്ടതാണ് എന്നുള്ളതാണ് ഭേദഗതി. ഇതുസംബന്ധിച്ച ബിൽ ആദ്യം മന്ത്രി ഇവിടെ പൈലറ്റ് ചെയ്ത അവസരത്തിൽ ഞാൻ ഒരുകാര്യം ചൂണ്ടിക്കാണിച്ചിരുന്നു. നമ്മൾ മലയാളത്തിലാണ് നിയമം പാസ്സാക്കിയത്. പക്ഷേ അതിന്റെ ഔദ്യോഗികമായിട്ടുള്ള വിവർത്തനം ഇംഗ്ലീഷിൽ കൊടുത്തല്ലോ. ഇംഗ്ലീഷിൽ അത് per annum എന്നാണുള്ളത്. അത് ഞാൻ മനസ്സിലാക്കിയത് ട്രാൻസ്ലേഷനിൽ വന്നിട്ടുള്ള പിശകാണെന്നാണ്. സ്വാഭാവികമായിട്ടും അത് തിരുത്തണമല്ലോ? ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള പരിശോധന നടത്തി നടപടിയെടുക്കും എന്നാണ് ഞാൻ കരുതുന്നത്. മലയാളത്തിൽ പ്രതിമാസം എന്നാണ് പറയുന്നതെങ്കിലും ഇംഗ്ലീഷിൽ per annum എന്നാണുള്ളത്. ലൈബ്രറിയിൽ ഉള്ള ആക്ട് എടുത്തിട്ടാണ് കഴിഞ്ഞതവണ ഞാൻ ഇത് പറഞ്ഞിരുന്നത്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 1999-ൽ ഭേദഗതിവരുത്തി എന്നാണ്. ഭേദഗതിവരുത്തിയതല്ല; വേറെ ഭേദഗതി സംബന്ധിച്ചാണ് പറഞ്ഞത്. ഇംഗ്ലീഷിൽ per annum എന്നുള്ളതാണ്. അത് തിരുത്തേണ്ടതുണ്ട്. മലയാളത്തിൽ അതില്ല; പ്രതിമാസം എന്നാണ് പറയുന്നത്. (538)-ൽ മുനിസിപ്പാലിറ്റിക്ക് വരാനുള്ള കരം, ലൈസൻസ് ഫീസുകൾ ഇതിലൊക്കെ കുടിശ്ശിക വന്നാൽ ആ കുടിശ്ശിക അടയ്ക്കുന്നതിന്, കുടിശ്ശികയിൽ വീഴ്ച വരുത്തുന്നവർ പിഴപ്പലിശയായി നേരത്തെ രണ്ടുശതമാനമാണ് നിശ്ചയിച്ചിട്ടുള്ളത്; ഇപ്പോൾ അത് ഒരുശതമാനമായി കുറച്ചിരിക്കുകയാണ്. ഇത് സ്വാഭാവികമായും മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട വരുമാനം കുറയുന്ന അവസ്ഥയാണുണ്ടാക്കുക. ഇപ്പോൾ പൊതുവിൽ മുനിസിപ്പാലിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അപ്പോൾ മുനിസിപ്പാലിറ്റിക്ക് നികുതിയായി കിട്ടേണ്ട തുക വസൂലാക്കുന്നതിനുവേണ്ടി രണ്ടുശതമാനം പിഴപ്പലിശ ഉണ്ടായിരുന്നത് ഇപ്പോൾ കുറച്ചിരിക്കുകയാണ്. അതുപോലെതന്നെ നേരത്തെ അൻപതിനായിരം രൂപയിൽ കൂടുതലാണെങ്കിൽ എന്ന നിലയ്ക്കുള്ള ഒരു വ്യവസ്ഥ വച്ചിരുന്നു. അത് പിന്നീട് 1999-ൽ ഭേദഗതി ചെയ്യപ്പെട്ടു. മുനിസിപ്പാലിറ്റിക്ക് ഈ പറയുന്ന നികുതികളായും മററും കിട്ടേണ്ട തുക കുടിശ്ശിക വരുത്തിക്കഴിഞ്ഞാൽ അതിന്റെ പിഴപ്പലിശ ഒരു ശതമാനമെന്ന നിലയ്ക്ക് ചുരുക്കുന്നത് ശരിയല്ല. വലിയ തുക അടയ്ക്കുന്ന, സാമ്പത്തികമായി ശേഷിയുള്ളവരുണ്ട്. അതുകൊണ്ട് അമ്പതിനായിരം ഉറുപ്പികയ്ക്ക് മേലെ കുടിശ്ശികയുള്ളവർക്ക് പിഴപ്പലിശ 2 ശതമാനമായിട്ടുതന്നെ നിശ്ചയിക്കണമെന്നുള്ളതാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. കാരണം മുനിസിപ്പാലിറ്റികൾക്ക് ഇപ്പോൾത്തന്നെ വരുമാനം കുറഞ്ഞുവരികയാണ്. കൂടാതെ മുനിസിപ്പാലിറ്റികൾക്ക് സംസ്ഥാന ഗവൺമെന്റിൽ നിന്നുമുള്ള വിഹിതവും ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. നമ്മുടെ 2-ാം ധനകാര്യ കമ്മിഷന്റെ ശുപാർശയിൽത്തന്നെ ആ ഭാഗം ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. 2004-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. "All the important recommendations of the 2nd Finance Commission have been accepted by Government except the recommendation to give statutory basis to the transfer of plan grant to local Governments by permanently fixing it as one-third of the State's total plan outlay." എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതിയുടെ മൂന്നിലൊരുഭാഗം പ്ലാൻ ഗ്രാന്റായി തദ്ദേശ ഗവൺമെന്റുകൾക്ക് സ്ഥിരമായി നൽകണമെന്നുള്ള 2-ാം ധനകാര്യ കമ്മിഷന്റെ ഈ ശുപാർശ ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പദ്ധതിച്ചെലവിന്റെ മുപ്പത്തിയഞ്ച് - നാൽപ്പതു ശതമാനം വരെ തദ്ദേശ ഗവൺമെന്റുകൾക്ക് കൊടുത്തിരുന്നു; അത് തുടർന്നും കൊടുക്കണമെന്നുള്ള നിലയ്ക്ക് ആവശ്യപ്പെട്ടിരുന്നതുമാണ്. അത് ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല. 2-ാം ധനകാര്യ കമ്മിഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ആദ്യപടിയെന്നുള്ള നിലയിൽ 1-4-2004-ൽ 205.32 കോടി രൂപ ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വെറും 3.5 ശതമാനം വരും. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകൾ എന്ന പരിഗണനയിൽ ആരംഭിച്ചപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച സമീപനം

LIBRARY ARCHIVES Kerala Legislative Assembly

ഇതായിരുന്നില്ല. പദ്ധതിച്ചെലവിന്റെ 35 ശതമാനം മുതൽ 40 ശതമാനം വരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൊടുക്കണമെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുണ്ടായിരുന്നത്. അതിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. 2-ാം ധനകാര്യ കമ്മിഷൻ എന്നുപറയുന്നത് ഭരണഘടനാപരമായിട്ടുള്ള ഒരു സ്ഥാപനമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി വിഹിതവും കാര്യങ്ങളുമൊക്കെ നൽകുന്നതിനുവേണ്ടി, അതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുവേണ്ടി ധനകാര്യകമ്മിഷനെ നിയോഗിക്കണമെന്നുള്ളത് നമ്മുടെ ഭരണഘടനയിൽത്തന്നെ നിർദ്ദേശിക്കപ്പെട്ടതാണ്. ആ ധനകാര്യകമ്മിഷന്റെ ശുപാർശയിലെ ആ നിർദ്ദേശം ഒഴികെ, അതായത് സംസ്ഥാന പദ്ധതിയുടെ മൂന്നിലൊരുഭാഗം കൊടുക്കണമെന്ന നിർദ്ദേശമൊഴികെ ബാക്കി റെക്കമെന്റേഷനുകൾ ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്നാണ് ഈ ഗവൺമെന്റിന്റെ സാമ്പത്തികാവലോകന റിപ്പോർട്ടിൽ പറയുന്നത്. വളരെ പ്രധാനപ്പെട്ട ഈ ശുപാർശ അംഗീകരിച്ചിട്ടില്ലായെങ്കിൽ പിന്നെ എന്ത് അടിസ്ഥാനമാണുള്ളത്? അപ്പോൾ യഥാർത്ഥത്തിൽ ഒരു അജഗളസ്തനം പോലെ ഈ തദ്ദേശഗവൺമെന്റുകളെ മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. ധനകാര്യകമ്മിഷൻ എന്നുപറയുന്ന, ഭരണഘടന ചുമതലപ്പെടുത്തിയ സ്ഥാപനം മുന്നോട്ടുവച്ച പ്രധാനപ്പെട്ട നിർദ്ദേശംതന്നെ ഈ ഗവൺമെന്റ് നടപ്പിലാക്കുന്നില്ല. പദ്ധതിച്ചെലവിന്റെ 35 – 40 ശതമാനം വരെ തദ്ദേശ ഗവൺമെന്റുകൾക്ക് കൊടുക്കേണ്ട സ്ഥാനത്ത് ഇപ്പോൾ 22 ശതമാനമായി ചുരുക്കിയിരിക്കുകയാണ്. അതുതന്നെ കൊടുത്ത പൈസ തിരിച്ചെടുക്കുന്ന അവസ്ഥയും ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ട് എന്നുള്ളത് ഇവിടെ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് 538-ാം വകുപ്പിന് കൊണ്ടുവന്ന ഭേദഗതിയിൽ ആ പരിധി, കുടിശ്ശികയുടെ പരിധി നിശ്ചയിക്കണം. അൻപതിനായിരം ഉറുപ്പികയുടെ മേലെ വരുന്നതിന് 2 ശതമാനം പിഴപ്പലിശയും; അൻപതിനായിരം ഉറുപ്പികയ്ക്ക് താഴെ വരുന്നതാണെങ്കിൽ അത് ഒരു ശതമാനവുമായി നിജപ്പെടുത്തണമെന്നുമുള്ളതാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. പിന്നെ 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ചാണ് പറയാനുള്ളത്. നിലവിലുള്ള വ്യവസ്ഥയിൽ സ്ഥാനാർത്ഥികൾ സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കണം, അതിൽ ജനപ്രാതിനിധ്യ നിയമത്തിൽ അതനുസരിച്ചുള്ള മാറ്റങ്ങൾ വന്നുകഴിഞ്ഞു. ഇപ്പോൾ അസംബ്ലിയിലേക്കും പാർലമെന്റിലേക്കും മൽസരിക്കുന്ന സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം അതിലെ ഫോമിൽ അവരുടെ വിദ്യാഭ്യാസ യോഗ്യത, അതുപോലെതന്നെ പത്രിക സമർപ്പിക്കുന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ അതുപോലെതന്നെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയും അയാളുടെയും പേരിലുള്ള സ്വത്ത്, പൊതുമേഖലാ സ്ഥാപനത്തിനോ സർക്കാരിനോ, സ്വയംഭരണസ്ഥാപനത്തിനോ താൻ നൽകേണ്ടതായിട്ടുള്ള ബാദ്ധ്യതകൾ, അതുപോലെതന്നെ കൂറുമാറ്റത്തിന് നേരത്തെ അയോഗ്യത കൽപ്പിക്കപ്പെട്ടിട്ടുണ്ടോയെന്നുള്ള കാര്യം, അതെല്ലാംതന്നെ സമർപ്പിക്കണം. ഇതേ വ്യവസ്ഥ മുനിസിപ്പാലിറ്റിയുടെ കാര്യത്തിലും നടപ്പാക്കുന്ന ഒരു ഭേദഗതിയാണ് ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. ജനപ്രാതിനിധ്യം ബാധകമാകുന്ന മേഖലകളിൽ ഇപ്പോൾ ഈ വ്യവസ്ഥ നടപ്പിലാക്കുന്നുണ്ട്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇത് നടപ്പാക്കുന്നതെന്ന് പറഞ്ഞു. സുപ്രീം കോടതിയിൽ ഇതുസംബന്ധിച്ചു ഒരു കേസ് വന്നു. യൂണിയൻ ഓഫ് ഇൻഡ്യയും അസോസിയേഷൻ ഓഫ് ഡെമോക്രാററിക് റിഫോംസും തമ്മിലുള്ള ആ കേസിൽ സുപ്രീം കോടതി അത്തരമൊരു വിധി പ്രഖ്യാപിച്ചു. ആ വിധിയനുസരിച്ച് അസംബ്ലിയിലേക്ക് മൽസരിക്കുന്നവർ, പാർലമെന്റിലേക്ക് മൽസരിക്കുന്നവർ തീർച്ചയായിട്ടും ഇത് കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്; ആ വ്യവസ്ഥ മാൻഡേറ്ററിയായി നടപ്പിലാക്കിക്കഴിഞ്ഞു. അതേസമയം തദ്ദേശഗവൺമെന്റുകളിലേക്ക് മൽസരിക്കുന്ന സ്ഥാനാർത്ഥികളെ സംബന്ധിച്ചിടത്തോളം ആ വിധി മാൻഡേറ്ററിയല്ല. അതുകൊണ്ട് ഈ വ്യവസ്ഥ നിർബന്ധമായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ആവശ്യമില്ലായെന്നുള്ളതാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കാരണം, ഈ പ്രാദേശിക തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളെപ്പറ്റി, ഗ്രാമപഞ്ചായത്തിലേക്ക് സ്ഥാനാർത്ഥിയായി മൽസരിക്കുന്നവരെപ്പറ്റി, എ ടു ഇസഡ് ജനങ്ങൾക്ക് അറിയാം. അവർ ഈ നോമിനേഷൻ ഫോമിൽ ഈ വിവരങ്ങളൊക്കെ കൊടുത്തിട്ട് അത് റിട്ടേണിംങ് ഓഫീസർ ഒരു പബ്ലിക് നോട്ടീസ് ആയി പ്രദർശിപ്പിച്ച്, അവിടെപോയി ഇതു വായിച്ച് അറിയണമെന്നില്ല. പ്രാദേശിക തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ എല്ലാ വിവരങ്ങളും കണ്ണാടിയിൽ കാണുന്നതുപോലെ ജനങ്ങൾക്ക് അറിയാം. ഈ നോമിനേഷൻ ഫോമിൽ പൂരിപ്പിക്കുന്ന കാര്യങ്ങൾ മാത്രമല്ല, ഇവിടെ ബില്ലിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രമല്ല, സ്ഥാനാർത്ഥിയെ സംബന്ധിച്ച് എല്ലാ കാര്യങ്ങളും എ ടു ഇസഡ് ജനങ്ങൾക്കറിയാം. അതുകൊണ്ട്, ഈ കേസിന്റെ വിധി അനുസരിച്ച് മാൻഡേറ്ററിയല്ലാത്തതുകൊണ്ട് ഈ വ്യവസ്ഥ ഇതിനകത്ത് വേണ്ടതില്ല എന്നുള്ളതാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഇതുപോലെതന്നെ ഇതിനകത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ടതായിട്ടുള്ള കുടിശ്ശികയെന്ന് പറയുന്നുണ്ട്. കുടിശ്ശികയെന്ന് പറയുമ്പോൾ എന്തെല്ലാം വരും? അത് ഇതിനകത്ത് വ്യക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിനകത്ത് വന്നാൽ സ്വാഭാവികമായിട്ടും നോമിനേഷൻ കൊടുക്കേണ്ട അവസരത്തിൽ വലിയ തർക്കം ഉണ്ടാകാൻ ഇടയുള്ള താണ്. അതുകൊണ്ട് ആ ഭാഗം ഇതിനകത്ത് വേണ്ട എന്നുള്ളതാണ് വിയോജന ക്കുറിപ്പെന്ന നിലയിൽ എനിക്ക് പറയാനുള്ളത്. പിന്നീട് വരുന്നത് 2003-ലെ കേരള പഞ്ചായത്ത്‌രാജ് രണ്ടാം (ഭേദഗതി) ബിൽ ആണ്. 1994-ലെ പഞ്ചായത്ത്‌രാജ് ആക്ടിൽ ഒന്നാം വകുപ്പിൽ രണ്ടാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. അതിന് ഈ ആക്ടിലെ 25 ബി, സി എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥപ്രകാരം കേരള സംസ്ഥാനത്തെ നഗര പഞ്ചായത്തുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും കോർപ്പറേഷൻ അതിർത്തിക്കുള്ളിലെ പ്രദേശങ്ങളിൽ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്. ഇതിൽ നഗര പഞ്ചായത്തുകൾ കേരളത്തിൽ ഇല്ലല്ലോ? അപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു നിയമം ഉണ്ടാക്കുന്ന സമയത്ത് ഈ സംസ്ഥാ നത്ത് ഇല്ലാത്ത ഒരു കാര്യത്തെ സംബന്ധിച്ച് ആക്ടിൽ പറയേണ്ട കാര്യമുണ്ടോ? ഇല്ലെന്നാണ് എന്റെ അഭിപ്രായം. കാരണം നഗര പഞ്ചായത്തുകൾ കേരളത്തിലില്ല. എന്നാൽ, ഭരണഘടനാപ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ ഒരു സഭയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത വച്ച് ഗ്രാമത്തിൽ ഒരു പഞ്ചായത്ത്, അതിനകത്ത് വാർഡുകൾ എന്നിവയുണ്ട്. വാർഡുകൾക്കോരോന്നിലുമാണ് ഗ്രാമസഭയുള്ളത്. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം വാർഡ് സഭകളാണു ള്ളത്. അതേ സമയം ഭരണഘടന നോക്കിക്കഴിഞ്ഞാൽ ഗ്രാമസഭ എന്നു പറഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ഒരു സഭയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സവിശേഷതകൾ വച്ചാണ് നമ്മൾ ഇവിടെ നിയമം ഉണ്ടാക്കിയത്. അതുകൊണ്ട് ഈ പറയുന്ന നഗര പഞ്ചായത്തുകളെസംബന്ധിച്ച പരാമർശം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്ന നിയമത്തിൽ ആവശ്യമില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഗ്രാമസഭയുടെ കൺവീനറെന്ന് പറയുന്നത്, മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം വാർഡ് മെമ്പർമാർ ആണ്; പഞ്ചായത്തിനെ സംബന്ധിച്ചി ടത്തോളം വാർഡ് മെമ്പർമാരാണ്. ആ മെമ്പർമാരെ സംബന്ധിച്ചിടത്തോളം അധികാരം കൃത്യമായിട്ടും നിർവചിക്കേണ്ടതായിട്ടുണ്ട്. ഇതിനകത്തുതന്നെ ഒരു ഭേദഗതി കൊണ്ടുവന്നു. നേരത്തെയുള്ള നിയമത്തിൽ ഗ്രാമപഞ്ചായത്തിന്റെ കൺവീനർ എന്നാണ് ഇതിനകത്തുള്ളത്. അത് ഭേദഗതി ചെയ്ത് ഗ്രാമസഭയുടെ കൺവീനർ എന്നാക്കി. മറ്റു സംസ്ഥാനങ്ങളിലുള്ള അവസ്ഥയല്ല ഇവിടെയുള്ളത്. അതിൽനിന്നും വ്യത്യസ്തമായിട്ടാണ് ഇവിടെ തദ്ദേശഭരണസംവിധാനം നിലവിൽ കൊണ്ടുവന്നത്. തീർച്ചയായും നേരത്തെ പറഞ്ഞതുപോലെ നഗര പഞ്ചായത്തെന്നു പറയുന്ന ആ വകുപ്പ് ഇതിൽനിന്നും നീക്കം ചെയ്യണം എന്നതാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്. നേരത്തെ മുനിസിപ്പൽ നിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിട്ടുള്ള ഭേദഗതി സംബന്ധിച്ച് പറഞ്ഞു. അത് ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനറെ സംബന്ധിച്ചാണ്. പഞ്ചായത്ത് നിയമത്തിൽ മുപ്പത്തഞ്ചാം വകുപ്പിലുള്ള ഭേദഗതി പ്രകാരം ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്നുള്ള നിലയിൽ പഞ്ചായത്തുമായിട്ടെന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്ക് പഞ്ചായത്ത് മെമ്പറായിട്ട് നിലനിൽക്കാൻ അർഹതയില്ല; അയോഗ്യതവരും. അവിടെ സ്ഥാനാർത്ഥിയുടെ കാര്യത്തിലല്ല അയോഗ്യതവരുന്നത്. (34) ഡിസ്ക്വാളിഫിക്കേഷൻ ഓഫ് കാൻഡിഡേറ്റ്സ് ആണ്. (35) ഡിസ്ക്വാളിഫിക്കേഷൻ ഓഫ് മെംബേഴ്സാണ്. മുനിസിപ്പാലിറ്റി ആക്ടിൽ, അവിടെ സ്ഥാനാർത്ഥി എന്നുള്ള നിലയിൽ അയോഗ്യതവരുന്നു. കൗൺസിലർ എന്നുള്ള നിലയിൽ അയോഗ്യത വരുന്നില്ല. അതാണ് ഞാൻ നേരത്തെയുള്ള വൈരുദ്ധ്യം ചൂണ്ടിക്കാണിച്ചത്. ഇവിടെ ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർക്ക് അയോഗ്യത വരുന്നത് പഞ്ചായത്ത് മെമ്പറായിട്ടിരിക്കുന്നതിന് അവിടെ അയോഗ്യത വരികയാണ്. 35(2) (ജി) സർക്കാരിനു വേണ്ടിയോ ബന്ധപ്പെട്ട പഞ്ചായത്തിനുവേണ്ടിയോ പ്രതിഫലം പറ്റുന്ന അഭിഭാഷകനായി ജോലിയിൽ ഏർപ്പെടുകയോ പഞ്ചായത്തിനെതിരായി അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ എന്നു പറയുമ്പോൾ മുനിസിപ്പൽ നിയമവും പഞ്ചായത്ത് നിയമവും ഒരേ മന്ത്രിയുടെ കീഴിലാണല്ലോ? മുനിസിപ്പാലിറ്റിയും അതുപോലെ കോർപ്പറേഷനും പഞ്ചായത്തും എല്ലാം തദ്ദേശ ഗവണ്മെന്റുകളാണ്. ആ ഗവണ്മെന്റുകളെ സംബന്ധിച്ച് പാസ്സാക്കുന്ന നിയമങ്ങളിൽ ഒരു ഏകീകരണം ഉണ്ടാകേണ്ടേ? തുല്യമായ വ്യവസ്ഥകൾ ഉണ്ടാകേണ്ടേ? ഇവിടെ വൈരുദ്ധ്യം ഉണ്ടാകുകയാണ്. 35 (ജി) മാറ്റുകയാണ്. നിലവിൽ "is employed as a paid Legal Practitioner on behalf of the Government or the Panchayat concerned" എന്നാണ്, പഞ്ചായത്തിനു വേണ്ടിയിട്ടോ സർക്കാരിനു വേണ്ടിയിട്ടോ പ്രതിഫലം പറ്റി ഹാജരാകുന്ന അഡ്വക്കേറ്റിന് ഈ അയോഗ്യത വരികയാണ്. പഞ്ചായത്തിനെതിരായി അഭിഭാഷകനായി പ്രവർത്തിച്ചിട്ട് വാർഡ് മെമ്പറാകാൻ അയോഗ്യത വരികയാണ്. അതുപോലെ മുനിസിപ്പൽ ആക്ടിൽ ഇതിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഈ വൈരുദ്ധ്യം പരിഹരിക്കേണ്ടേ? അപ്പോൾ പഞ്ചായത്ത്രാജ് ആക്ടിൽ ഇത്തരത്തിൽ മാറ്റം വരുത്തുമ്പോൾ സ്വാഭാവികമായിട്ടും ഇതിനകത്തുള്ള പൊരുത്തക്കേടുകൾ പരിഹരിക്കേണ്ടേ? ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം അനുസരിച്ച് ഇതെല്ലാം ഒന്നിച്ച് ചർച്ച ചെയ്യുകയാണ്. പ്രത്യേകിച്ച് ഈ ബില്ലുകൾ ക്ലാസ് ബൈ ക്ലാസായിട്ടാണ് പരിഗണിക്കുന്നതെങ്കിലും ഒന്നിച്ചാണ് ചർച്ച ചെയ്യുന്നത്. ഒരു മന്ത്രി പൈലറ്റ് ചെയ്യുകയാണ്. പഞ്ചായത്ത് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും വരുന്ന ഭേദഗതികളെ സംബന്ധിച്ചുള്ള വൈരുദ്ധ്യത്തെക്കുറിച്ച് എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കാനുള്ളത് എന്നുള്ളത് വ്യക്തമാക്കേണ്ടതാണ്. ഇതുപോലെതന്നെ നിലവിലുള്ള നിയമത്തിൽ പഞ്ചായത്ത് ആക്ടിലൊക്കെ ചില പൊരുത്തക്കേടുകളുണ്ട്. ഇപ്പോൾ വൈരുദ്ധ്യത്തെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ഇതുപോലെതന്നെ പഞ്ചായത്തിന്റെ തീരുമാനത്തിന് റിവിഷൻ കൊടുക്കാനുള്ള വ്യവസ്ഥ പഞ്ചായത്ത് ആക്ടിലുണ്ട്. പഞ്ചായത്ത് ബോർഡുകളുടെ അല്ലെങ്കിൽ മുനിസിപ്പിൽ കൗൺസിലുകളുടെ തീരുമാനത്തിനെതിരായി റിവിഷൻ കൊടുക്കാനുള്ള വ്യവസ്ഥയുണ്ട്. അതിനാണ് ട്രിബ്യൂണൽ. ഒന്നിൽ കൂടുതൽ ജില്ലകളിൽ ആകെ ഒരു ട്രിബ്യൂണൽ എന്ന നിലയിൽ നിയമത്തിൽ പറയുന്നുണ്ട്. ട്രിബ്യൂണലുകളിൽ റിവിഷനുവേണ്ടി പെറ്റീഷൻ കൊടുത്താൽ അതിന്റെ വിധി നടപ്പാക്കാനുള്ള വ്യവസ്ഥ ഇപ്പോൾ ബില്ലീലില്ല. അതുപോലെ റൂൾസിലുമില്ല. ഇതിൽ മാറ്റം വരുത്തേണ്ടേ? ഇത്രയും ഭേദഗതികൾ പഞ്ചായത്തു നിയമത്തിലും അതുപോലെ മുനിസിപ്പാലിറ്റി നിയമത്തിലും കൊണ്ടുവരുമ്പോൾ ഇത്തരം കാര്യങ്ങൾ കൂടി പരിശോധിക്കേണ്ടേ? പഞ്ചായത്ത് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ഇതു സംബന്ധിച്ച വ്യവസ്ഥയുണ്ട്. ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കാൻ, ഒന്നുകിൽ ട്രിബ്യൂണൽ അല്ലെങ്കിൽ ട്രിബ്യൂണലിന്റെ വിധി ഒരു ഡിക്രീ പോലെ കണക്കാക്കി സിവിൽ കോടതിയെക്കൊണ്ട് ആ വിധി നടപ്പിലാക്കിക്കാനുള്ള വകുപ്പ് ഉണ്ടാകണം. ഇപ്പോൾ അതില്ല. നേരത്തേ പറഞ്ഞതുപോലെ ഇതൊക്കെ അജഗളസ്തനം പോലെ നിൽക്കുകയാണ്. പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും തീരുമാനത്തിനെതിരെ റിവിഷൻ കൊടുക്കാൻ പൗരൻമാർക്ക് അവകാശമുണ്ട്. പക്ഷേ, വിധി നടപ്പിലാക്കി കിട്ടുന്നില്ല. വിധികൊണ്ട് യാതൊരു പ്രയോജനവും ഇല്ലാത്ത അവസ്ഥയാണ്. ഇത്തരത്തിലുള്ള നിയമത്തിലെ പോരായ്മകൾ പരിഹരിക്കണം എന്നുള്ളതാണ് ഇതുസംബന്ധിച്ച് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതുപോലെതന്നെ

12.00 Noon] 2005-ലെ കേരള പഞ്ചായത്ത്‌രാജ് (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ചാണ് ഇനി ഞാൻ പറയുന്നത്. ഇതിൽ നേരത്തെ പറഞ്ഞകാര്യം തന്നെയാണ് അതായത്, തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ നോമിനേഷൻ കൊടുക്കുന്ന അവസരത്തിൽ ഇന്ന യിന്നകാര്യങ്ങൾ വേണമെന്ന് പറയുന്നുണ്ട്. സുപ്രീം കോടതി വിധിയാണ് അതിന് കാരണമായിട്ട് പറയുന്നത്. അക്കാര്യം mandatory ആയിട്ടുള്ളതല്ല എന്ന് ഞാൻ നേരത്തെ മുനിസിപ്പൽ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയിൽ പറയുകയുണ്ടായി. അത് ഇവിടെയും ബാധകമാണ്. മറ്റൊന്ന് 2004-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ സംബന്ധിച്ചാണ്. ഇതിൽ 236-ാം വകുപ്പിനുള്ള ഭേദഗതിയാണ്. 236 (1)-ൽ "അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഒരു

വർഷമോ അതിൽ കുറഞ്ഞ കാലമോ" എന്ന വാക്കുകൾക്കുപകരം "അപേക്ഷയിൽ പറഞ്ഞിട്ടുള്ള മൂന്നുവർഷമോ അതിൽ കുറഞ്ഞ കാലമോ" എന്നാക്കി മാറ്റുകയാണ്. അത് രണ്ടുവർഷമാക്കി നിജപ്പെടുത്തണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇത് നേരത്തെ മുനിസിപ്പൽ ബില്ലുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞ കാര്യങ്ങളാണ്. പൊതുവിൽ പഞ്ചായത്ത്രാജ് നിയമത്തിലും മുനിസിപ്പൽ നിയമത്തിലും ഭേദഗതികൾ വരുമ്പോൾ അതിനകത്ത് ഒരു പൊരുത്തക്കേടുണ്ട്. മറ്റൊന്ന്, ഈ നിയമത്തിൽ കാസ്റ്റിംഗ് വോട്ട് സംബന്ധിച്ച് ഒരു വ്യവസ്ഥകൂടി ചേർത്തിട്ടുണ്ട്. കാസ്റ്റിംഗ് വോട്ട് എന്നുപറയുന്നത്, നിയമസഭയെ സംബന്ധിച്ചിടത്തോളം സ്പീക്കർക്ക് കാസ്റ്റിംഗ് വോട്ടുണ്ട്. ഒരു കാസ്റ്റിംഗ് വോട്ട് മാത്രമേയുള്ളൂ. ഒരു നിയമസഭയിൽ അല്ലെങ്കിൽ പാർലമെന്റിൽ ഏതെങ്കിലും ഒരു പ്രശ്നത്തിൽ തർക്കം വരികയാണെങ്കിൽ ആ തർക്കം ഭൂരിപക്ഷപ്രകാരം തീരുമാനിക്കുകയാണ് പതിവ്. എന്നാൽ ചിലപ്പോൾ ഒരു പ്രമേയം വോട്ടിനിടുമ്പോൾ തുല്യമായിട്ട് വരികയാണെങ്കിൽ, ഭൂരിപക്ഷമില്ലെങ്കിൽ സ്പീക്കർക്ക് ആ അവസരത്തിൽ കാസ്റ്റിംഗ് വോട്ട് ചെയ്യാം. അപ്പോൾ സ്പീക്കർ അവിടെ മാത്രമേ ചെയ്യുന്നുള്ളൂ. അതേസമയം പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും രണ്ട് വോട്ട് അദ്ധ്യക്ഷം വഹിക്കുന്ന ആൾക്ക് ചെയ്യാൻ കഴിയത്തക്ക നിലയിലുള്ള ഭേദഗതിയാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്. അത് വലിയ തർക്കത്തിന് ഇടയാക്കുന്ന കാര്യമാണ്. ഇപ്പോൾ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളവും മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളവും അദ്ധ്യക്ഷം വഹിക്കുന്ന ആൾ, അദ്ധ്യക്ഷം വഹിക്കുന്നത് ആരായാലും, അത് മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിട ത്തോളം ചെയർമാനാകണമെന്നില്ല. ഒരു കൗൺസിലർ അദ്ധ്യക്ഷം വഹിക്കുന്ന അവസരത്തിലും, പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് മെമ്പർ അദ്ധ്യക്ഷം വഹിക്കുന്ന അവസരത്തിലും അദ്ദേഹത്തിന് രണ്ട് വോട്ട് ചെയ്യാനുള്ള അവസരം കൊടുക്കുകയാണ്. ഇത് യഥാർത്ഥത്തിൽ ആവശ്യമുണ്ടോ? നമ്മൾ പിൻതുടരുന്ന പല രീതികളുമെടുത്താൽ ഹൗസ് ഓഫ് കോമൺസ് ആയാലും പാർലമെന്റായാലും അതുപോലെതന്നെ നിയമസഭയായാലും ഇവിടെയൊക്കെ തന്നെ കാസ്റ്റിംഗ് വോട്ട് എന്നുപറയുന്നത് ഒരു വോട്ട് മാത്രമാണ്. എന്നാൽ ഇവിടെ കാസ്റ്റിംഗ് വോട്ട് അടക്കം വരുമ്പോൾ രണ്ട് വോട്ടാണ്. ആദ്യം ഒരു വോട്ട് ചെയ്യാം, വോട്ട് ചെയ്ത് തുല്യമായിട്ട് വന്നുകഴിഞ്ഞാൽ രണ്ടാമത്തെ വോട്ട് ചെയ്യാം. അങ്ങനെയൊരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇത് നിരവധി തർക്കങ്ങൾക്ക് ഇടയാക്കുന്ന കാര്യമാണ്. അതുസംബന്ധിച്ച് എന്താണ് ഗവൺമെന്റ് വിശദീകരിക്കുന്നത് എന്നുകൂടി അറിയാൻ താൽപ്പര്യമുണ്ട്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനുള്ള ഡിസെന്റാണ് രേഖപ്പെടുത്തുന്നത്. ക്ലാസ് ബൈ ക്ലാസായിട്ട് ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ജനറലായിട്ട് പറഞ്ഞുപോവുകയാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 128, 130, 565 വകുപ്പുകൾ ഭേദഗതി ചെയ്തുകൊണ്ട് 2001 മാർച്ച് 13-ന്റെ ഓർഡിനൻസാണ് ആദ്യമുണ്ടായിരുന്നത്. അത് 2001 ജൂലായ് 17-ാം തീയതി കാലഹരണപ്പെട്ടു. പിന്നീട് അത് പുതുക്കി വിജ്ഞാപനം ചെയ്തിട്ടില്ല. അപ്പോൾ ഓർഡിനൻസിന്റെ നാലാം വകുപ്പിലെ വ്യവസ്ഥകൾക്ക് മുൻകാലപ്രാബല്യം കൊടുത്തുകൊണ്ട് 19, 22, 90, 91, 407 എന്നീ വകുപ്പുകൾകൂടി ഭേദഗതി ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. അതാണ് ഈ നിയമത്തിന്റെ പൊതു ഉള്ളടക്കം. ഇതിൽ ക്ലാസ് 2-ൽ വകുപ്പ് 19-ൽ 8-ാം ഉപവകുപ്പിന് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അതിനോട് യാതൊരു വിയോജിപ്പുമില്ല. അവിശ്വാസപ്രമേയത്തിന്റെ ചർച്ചയ്ക്ക് ഇടയിൽ ന്യായാന്യായങ്ങളെക്കുറിച്ച് സംസാരിക്കാൻ ചെയർപേഴ്സന് അധികാരമില്ല എന്നുള്ളതിനോട് വിയോജിപ്പില്ല. ക്ലാസ് 2, സെക്ഷൻ 22-ൽ കുടുംബശ്രീ ഒഴിവാക്കുകയാണ്. ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ഡെഫനിഷനിൽ അത് ഉൾപ്പെടുത്തുകയാണ്. അപ്പോൾ പ്രത്യേകിച്ച് കുടുംബശ്രീ എന്നുള്ള പേരിന്റെ ആവശ്യമില്ല. സ്വാഭാവികമായും ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കുറച്ചുകൂടി വ്യാപ്തി വരികയാണ്. പക്ഷേ, എന്തായാലും കുടുംബശ്രീയെ സംബന്ധിച്ച് ഒരു സമഗ്രമായ നിയമനിർമ്മാണംതന്നെ ആവശ്യമായിവരും. ഇന്നത്തെ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടത്, കുടുംബശ്രീയും അതുപോലെതന്നെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളും തമ്മിൽ വലിയ വൈരുദ്ധ്യമുണ്ട്. അത് ഏകീകരിക്കുന്നതിനുള്ള നടപടി ആവശ്യമായിട്ട് വരും. അതുപോലെതന്നെ പല കുടുംബശ്രീകളും ഇപ്പോൾ മൈക്രോ ക്രെഡിറ്റിന്റെ പേരിൽ വല്ലാത്ത രൂപത്തിലുള്ള പലിശ ചില പ്രദേശങ്ങളിൽനിന്ന് വാങ്ങുന്നുണ്ട്. 100 രൂപയ്ക്ക് രണ്ട് രൂപ എന്നുപറയുമ്പോൾ വളരെ ഈസിയായിട്ട് നമുക്ക് തോന്നും. പക്ഷേ, ഫലത്തിൽ 24 ശതമാനമാണ്. അപ്പോൾ പല സ്ഥലത്തും ഇതൊരു കറക്ക് കമ്പനിയായി പോകാതിരിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ വില്ലേജ് തലത്തിലുള്ള ബ്ലെയ്ഡുകാരിൽനിന്ന് ഗ്രാമീണ ജനതയെ രക്ഷിക്കാനുള്ള ഒരു നല്ല ബൃഹത്തായ പദ്ധതിയാണിത്. മൈക്രോ ക്രെഡിറ്റും അതുപോലെതന്നെ മൈക്രോ എന്റർപ്രൈസസും വളരെ ഫലപ്രദമായി നമ്മുടെ രാജ്യത്തിന്റെ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ ചെറിയ രൂപത്തിലുള്ള തൊഴിലില്ലായ്മയും അതുപോലെതന്നെയുള്ള മറ്റ് സാമൂഹികനീതികളുമെല്ലാം ഉറപ്പുവരുത്തുന്നതിന് ചെറിയ സംഭാവനകൾ നൽകുന്നുണ്ട്. നല്ല രൂപത്തിലുള്ള ഇടപെടൽ ഇനി നമുക്ക് ആവശ്യമായിട്ട് വരും. ഗ്രാമപ്രദേശങ്ങളിൽ ബ്ലെയ്ഡുകാർ ശക്തിപ്പെടുകയാണ്. അതിനൊരു നിയന്ത്രണവും നമുക്കുണ്ടാക്കാൻ കഴിയുന്നില്ല. പ്രത്യേകിച്ച് ഇപ്പോൾ 2002-ലെ ചിട്ടി ഭേദഗതി ഹൈക്കോടതി റദ്ദാക്കി. ബഹുമാനപ്പെട്ട മന്ത്രി വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ആ ചിട്ടി ഭേദഗതി വന്നതോടുകൂടി ഏത് ബ്ലെയ്ഡുകാരനും കയ്യിൽ കാശില്ലാതെ ചിട്ടി നടത്താം. കെ.എസ്.എഫ്.ഇ.ക്ക് ഒരു കോടി രൂപയുടെ ചിട്ടി നടത്തണമെങ്കിൽ ഒരു കോടി രൂപ ട്രഷറിയിൽ കെട്ടിവയ്ക്കണം. ഈ ഭേദഗതി വന്നതോടുകൂടി ആസ്തിയില്ലാത്ത ഏത് ബ്ലെയ്ഡുകാരനും ചിട്ടി

LIBRARY ARCHIVES Kerala Legislative Assembly

നടത്താം. അതുകൊണ്ട് സ്വാഭാവികമായും ഒരു comprehensive ആയിട്ടുള്ള നിയമനിർമ്മാണം ആവശ്യമാണ്. അത് വരുന്നതിന് കുറച്ച് താമസിക്കും. താമസിക്കുമെന്ന് മാത്രമല്ല വരുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം ബ്ലെയ്ഡുകാരുടെയെല്ലാം പിന്നിൽ പല പ്രമാണിമാരും ഉണ്ടെന്നുള്ളതുതന്നെ, എനിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന മന്ത്രി എന്നനിലയ്ക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, ചുരുങ്ങിയപക്ഷം ലൈസൻസ് ഫീസെങ്കിലും അഡീഷണലായിട്ട് വയ്ക്കുകയാണെങ്കിൽ ഓരോ ഗ്രാമപ്രദേശങ്ങളിലും കോടിക്കണക്കിന് രൂപ നമുക്ക് ആദായം കിട്ടും. അത് പരിശോധിക്കുന്നത് നന്നായിരിക്കും. അതുപോലെതന്നെ കെ.എസ്.എഫ്.ഇ.യുമായി tie up ചെയ്തുകൊണ്ട് നമ്മുടെ കുടുംബശ്രീകൾക്ക് ചിട്ടി ഏറ്റവും ഫലപ്രദമായി നടത്താൻ പറ്റും. എന്റെ മണ്ഡലത്തിൽ അതിനുള്ള ഏർപ്പാട് നടത്തിക്കഴിഞ്ഞു. അതുകൂടി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുന്നത് നന്നായിരിക്കും. പ്രത്യേകിച്ച് ഇപ്പോൾ നമ്മുടെ അധോലോകം ശക്തിപ്പെടുകയാണ്. ഇതിന്റെ തണലിൽ 36 ചിട്ടിക്കമ്പനികളാണ് ഈ ഗവൺമെന്റിനെ സ്വാധീനിച്ചത്. അതിന്റെ ഭാഗമായിട്ടാണ് ഹൈക്കോടതി 2002-ലെ ചിട്ടി ഭേദഗതി nullify ചെയ്യാൻ നിർബന്ധിക്കപ്പെട്ടത് എന്ന ഗുരുതരമായിട്ടുള്ള ആക്ഷേപമാണ് എനിക്കുള്ളത്. ഞാൻ അതിലേക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല.

2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പ്രകാരം, പ്രധാന ആക്ടിന്റെ സെക്ഷൻ 90 ന്റെ ഉപവകുപ്പ് 1(ജി) സബ്ജക്ട് കമ്മിറ്റി ഒഴിവാക്കി. മുനിസിപ്പൽ കരാറുകാരന് ഇപ്പോൾ മൽസരിക്കാൻ കഴിയുകയില്ല. എന്നാൽ 90-ാം വകുപ്പിൽ ഉപവകുപ്പ് 1(എച്ച്) ഭേദഗതിയോടെ നിലനിർത്തുകയാണ് ചെയ്തിരിക്കുന്നത്. നേരത്തെ ശ്രീ. എം. വി. ജയരാജൻ പറഞ്ഞു മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലംപറ്റുന്ന ഒരു അഭിഭാഷകന് മൽസരിക്കാൻ പറ്റില്ല എന്ന്, ഓരോ കേസിനുമാണ് പ്രതിഫലം. അപ്പോൾ അഭിഭാഷകനായി നിയോഗിക്കപ്പെടുന്നയാൾ പ്രതിഫലം എന്നു പറഞ്ഞ്, ശമ്പളമല്ല പറ്റുന്നത്; മറിച്ച് ഓരോ കേസിനും ഫീസാണ്. അപ്പോൾ (എച്ച്) നിലനിർത്തുന്നത് ഒന്നു പരിശോധിക്കണം; പ്രതിഫലം പറ്റുന്നത് ഓരോ കേസിനുമാണ്. അഭിഭാഷകൻ ശമ്പളക്കാരനല്ല എന്നുള്ളതുകൊണ്ടുതന്നെ ഇത് ഒഴിവാക്കണം. മറ്റൊന്ന് പ്രധാന ആക്ടിലെ (407) വകുപ്പിന് വരുത്തിയിരുന്ന ഭേദഗതി ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. (407) അതേപടി നിലനിർത്തുകയാണ് ചെയ്തിരിക്കുന്നത്. അതിൽ ശ്രദ്ധിക്കേണ്ട ഒരുകാര്യം (407) ക്ലാസ് (2) ആയിട്ടാണ് നമ്മുടെ നിയമത്തിലുള്ളത്. ആ ക്ലാസ് (2)-ൽ ഗുണപരമായിട്ടുള്ളത്, അതിന്റെ സെക്കന്റ് പ്രൊവൈസോ വളരെ പ്രധാനപ്പെട്ടതാണ്. അത് നമ്മൾ ഒഴിവാക്കേണ്ടിയിരുന്നില്ല. കാരണം, ഇതിലൂടെ Unauthorised കൺസ്ട്രക്ഷൻ റെഗുലറൈസ് ചെയ്യുകയാണ് ചെയ്യുന്നത്. റെഗുലറൈസ് ചെയ്യുന്ന സമയത്ത് ഉണ്ടാകുന്ന ഒരു അപകടം (407) പ്രകാരം ഗവൺമെന്റിന് റെഗുലറൈസ് ചെയ്യാം, പഞ്ചായത്ത് റെക്കമെന്റ് ചെയ്യണമെന്നേയുള്ളു. റെഗുലറൈസ് ചെയ്യുമ്പോഴുള്ള ഒരു പ്രശ്നം, റെഗുലറൈസ് ചെയ്യപ്പെടും എന്നുള്ളതുകൊണ്ടുതന്നെ നിയമവിരുദ്ധമായ പ്രവർത്തനത്തിനു ഉദ്യോഗസ്ഥന്മാർ നേതൃത്വം കൊടുക്കും. ആ ഉദ്യോഗസ്ഥന്മാരെ

LIBRARY ARCHIVES Kerala Legislative Assembly

പിടിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആദ്യം കൊണ്ടുവന്ന ക്ലാസ് (8)-ലെ സെക്കന്റ് പ്രൊവൈസോ ഗുണകരമായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ ഒരു ഉദാഹരണം ഞാൻ പറയാം. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഒരു ബസ്സ്റ്റാന്റിന്റെ പ്രശ്നമുണ്ട്. കൃത്യമായിട്ടുള്ള ആധാരം, കൃത്യമായ കൈവശ സർട്ടിഫിക്കറ്റ്, ലീഗൽ ഒപ്പീനിയൻ എന്നിവയുള്ളതും, ബിൽഡിംഗ്സ് റൂൾസിലെ വ്യവസ്ഥകൾ പാലിക്കുകയും ചെയ്തിട്ടുള്ള ഒരു ബിൽഡിംഗ് അവിടെയുണ്ട്. മൂന്നു വർഷം മുൻപ് അതിന്റെ പണി തുടങ്ങി; ഇപ്പോൾ അത് പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്തു. എന്നാൽ ഇപ്പോൾ സാങ്കേതിക കാരണങ്ങളാൽ അത് തുറന്നുകൊടുക്കാൻ പറ്റുന്നില്ല. സാങ്കേതികമായിട്ടുള്ള കാരണമെന്നു പറയുന്നത് നിയമപരമായിട്ടുള്ള പ്രശ്നങ്ങളാണെന്നാണ് കഴിഞ്ഞ ഡി.ഡി.സി.-ൽ കളക്ടറും സബ്കളക്ടറും പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഇതിന്റെ ആരംഭത്തിൽത്തന്നെ മുനിസിപ്പാലിറ്റി അധികാരികൾ ഇതെല്ലാം നോക്കേണ്ടതല്ലേ? മുനിസിപ്പാലിറ്റിയുടെ ഉത്തരവാദപ്പെട്ട ആളുകൾ നോക്കാത്തതു കൊണ്ടല്ലേ ഇതു സംഭവിച്ചത്? എന്തുകൊണ്ടാണ് ഈ ഒരു സ്ഥിതിവിശേഷം അവിടെ വന്നത് എന്നുള്ളത് പരിശോധിക്കണം. ഇക്കാര്യത്തിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് ഗുരുതരമായിട്ടുള്ള വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ, പിന്നീട് ഗവൺമെന്റ് ഇത് rectify ചെയ്യുമ്പോൾ ആ ഉദ്യോഗസ്ഥൻ രക്ഷപ്പെടാതിരിക്കണമെങ്കിൽ (407)-ന് സബ്ക്ലോസായിട്ടുള്ള സെക്കൻഡ് പ്രൊവൈസോ നിലനിർത്തണം. സാധാരണനിലയിൽ ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം എല്ലാകാര്യങ്ങളെ സംബന്ധിച്ചും നിയമപരമായ കാര്യങ്ങൾ അവർ പഠിച്ചുകൊള്ളണമെന്നില്ല. ഏതെങ്കിലും രൂപത്തിലുള്ള irregularities സംഭവിക്കുന്നുണ്ടെങ്കിൽ അത് കാണിച്ചു കൊടുക്കുന്നതിനും റെക്ടിഫൈ ചെയ്യുന്നതിനുമുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്കാണുള്ളത്. എന്നാൽ ഇവിടെ സ്വാഭാവികമായും ജനപ്രതിനിധികൾ മിസ്ലീഡ് ചെയ്യപ്പെടുന്നു. അവർ നിയമങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഈ രൂപത്തിൽവരുന്നത്. അതാണ് ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് എനിക്കു സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്തിട്ടുപോലും ഇന്നും അത് തുറന്നുകൊടുക്കാൻ പറ്റുന്നില്ല. അതിനുള്ള കാരണം എന്താണ്? കാരണം ആരാണ് ഉണ്ടാക്കിയത്? ഉദ്യോഗസ്ഥന്മാരല്ലേ? അപ്പോൾ ആരംഭത്തിൽത്തന്നെ ഇതിൽ ഇടപ്പെട്ടിരുന്നുവെങ്കിൽ ഈ രൂപത്തിലുള്ള ഒരു പ്രശ്നം ഉണ്ടാകുമായിരുന്നില്ല. ഇതാണ് ഇതുമായി ബന്ധപ്പെട്ട് പൊതുവിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. അപ്പോൾ Unauthorised കൺസ്ട്രക്ഷനെ റെഗുലറൈസ് ചെയ്യുമ്പോൾ, ഗവൺമെന്റ് അത് റെഗുലറൈസ് ചെയ്തുകൊടുക്കുന്നതുമൂലം, സ്വാഭാവികമായും ഇന്നല്ലെങ്കിൽ നാളെ ഗവൺമെന്റ് ഇത് റെഗുലറൈസ് ചെയ്യും എന്നുള്ള ധാരണയിൽ ആദ്യമേതന്നെ നിയമവിരുദ്ധമായി ഉദ്യോഗസ്ഥന്മാർക്ക് പോകാനുള്ള ഒരു പഴുത് (407)-ാംവകുപ്പ് മാത്രമായി നിലനിർത്തുന്നതുമൂലം വരുകയാണ്. അതുപോലെ ക്ലാസ് (8) പരിപൂർണ്ണമായി ഡിലീറ്റ് ചെയ്യണമെന്നു സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ ആരും പറയുന്നില്ല. പക്ഷേ, ക്ലാസ് (8) പൂർണ്ണമായിത്തന്നെ ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണ് എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നു പരിശോധിക്കണം. മറുപടി തരുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുമാണ്. ഇതിൽ തെരഞ്ഞെടുക്കപ്പെട്ട ചെയർമാൻ അല്ലെങ്കിൽ ഡെപ്യൂട്ടി ചെയർമാൻ 15 ദിവസത്തിനുള്ളിൽ സത്യപ്രതിജ്ഞ ചെയ്യുന്നില്ലായെങ്കിൽ ആട്ടോമാറ്റിക്കായി അവരുടെ സ്ഥാനം റദ്ദ് ചെയ്യപ്പെട്ടതായി കണക്കാക്കുമെന്നാണ് പറയുന്നത്. ഈ വ്യവസ്ഥ പ്രകാരം കമ്മീഷണർ ഒരു discretionary power ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ന്യായമായിട്ടുള്ള കാരണങ്ങൾ ഉണ്ടെങ്കിൽ അത് എക്സംപ്റ്റ് ചെയ്യാനുള്ള ഒരു പ്രൊവൈസോ ഇതിൽ ഉണ്ടാകണം. ആർബിട്രറിയായി തങ്ങൾക്ക് ഇഷ്ടപ്പെടാത്ത ചെയർമാൻമാരെയോ അല്ലെങ്കിൽ ഡെപ്യൂട്ടി ചെയർമാൻമാരെയോ അല്ലെങ്കിൽ പ്രസിഡന്റിനെയോ അല്ലെങ്കിൽ വൈസ് പ്രസിഡന്റിനെയോ ആ സ്ഥാനത്തുനിന്നു നീക്കുന്നതിന് ഇത് ഇടവരുത്തും. അതുമാത്രമല്ല പ്രശ്നം, പട്ടികജാതി പട്ടികവർഗ്ഗക്കാരൻ പ്രസിഡന്റായിട്ടുള്ള ഒരു പഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റി, അവിടെ 15 ദിവസത്തിനുള്ളിൽ സത്യപ്രതിജ്ഞ നടക്കുന്നില്ല എന്നു വിചാരിക്കുക. അപ്പോൾ ആട്ടോമാറ്റിക്കായി എസ്.സി./എസ്.ടി. കാറ്റഗറിയിലുള്ള ഈ സ്ഥാനാർത്ഥിയുടെ മെമ്പർഷിപ്പ് seize ചെയ്യുകയാണ്. പിന്നെ ആരാണ്? ഒരാളല്ലേ വരൂ. ഭൂരിപക്ഷമുള്ള കക്ഷിയിൽനിന്നും പഞ്ചായത്ത് പ്രസിഡന്റ്, ഇന്നത്തെ സാഹചര്യത്തിൽ എസ്.സി./എസ്.ടി.ക്കാരനാകണമെന്നില്ല. ന്യൂനപക്ഷത്തിന്റെ ആൾക്കാർക്കും വരാം. അയാൾ രാജിവയ്ക്കുന്നു എന്നു വിചാരിക്കുക. അല്ലെങ്കിൽ അയാളുടെ മെമ്പർഷിപ്പ് seize ചെയ്യുന്നു എന്നു വിചാരിക്കുക. പിന്നെ എങ്ങനെ നമ്മൾ ഭരണം മുന്നോട്ടുകൊണ്ടുപോകും? ഒരു എസ്.സി.-യെ ഉള്ളൂയെങ്കിൽ ആ എസ്.സി.യുടെ പ്രസിഡന്റ്ഷിപ്പ് ഈ കാരണത്താൽ seize ചെയ്യും. പിന്നെ ആരു ഭരിക്കും എന്നുള്ളതാണ് പ്രശ്നം. അത് പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള.....

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: സർ, പട്ടികജാതിക്കാർക്ക് സംവരണം ചെയ്ത ആ സീറ്റിലേക്ക് ഒരു മെമ്പർ നിൽക്കുകയാണെങ്കിൽ ഉടൻ ഇത്ര ദിവസത്തിനുള്ളിൽത്തന്നെ അവിടെ വേറെ ആളെ ഇലക്ട് ചെയ്യാനുള്ള സംവിധാനം ഇല്ലേ?

ശ്രീ. എ. കെ. ബാലൻ: തെരഞ്ഞെടുപ്പ് വേണ്ടേ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: തെരഞ്ഞെടുപ്പ് വേണം.

ശ്രീ. എ. കെ. ബാലൻ: തെരഞ്ഞെടുപ്പ് നോട്ടിഫൈ ചെയ്ത് തെരഞ്ഞെടുപ്പ് നടന്നുവരുമ്പോൾ ആറ് മാസം ആകും. ആ ആറ് മാസം അഡ്മിനിസ്ട്രേറ്റീവ് ഭരണമല്ലേ ഉണ്ടാവുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ നേരത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ഒരു മെമ്പർ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ ഹൃദയാഘാതംമൂലം ആശുപത്രിയിലായി. ഒരു മാസക്കാലം ഐ.സി. യൂണിറ്റിൽ കിടന്നു. എന്നിട്ട് അയാൾ മരിച്ചു. അങ്ങനെ ഒരു അവസ്ഥ വരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അയാൾക്ക് ഒരു 15 ദിവസക്കാലം ഒരു കാരണവശാലും സത്യപ്രതിജ്ഞ ചെയ്യാൻ കഴിയാതെവന്നാൽ ഉണ്ടാകാവുന്ന പ്രശ്നം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. കെ. ബാലൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ലീഗൽ പ്രശ്നമാണ് അത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഭരണം മുന്നോട്ടുകൊണ്ടുപോകാനുള്ള വ്യവസ്ഥ, ഒരു ആക്ടിന് നമ്മൾ രൂപംകൊടുക്കുന്ന സമയത്ത് ഉണ്ടാകണം. ബഹുമാനപ്പെട്ട പ്രകാശൻ മാസ്റ്റർ പറഞ്ഞല്ലോ, ഒരു സ്തംഭനാവസ്ഥ വരുകയല്ലേ? അതുപോലെ തന്നെ ഞാൻ ചോദിക്കുന്നത്, തെരഞ്ഞെടുത്തയാൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരൻ പ്രസിഡന്റായിക്കൊള്ളണം എന്ന നിബന്ധന നമ്മുടെ നിയമത്തിലുണ്ടോ? ഇപ്പോൾ ഒരാൾ എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്ന് വാർഡ് മെമ്പറായി തെരഞ്ഞെടുക്കപ്പെടുന്നു; പ്രസിഡന്റായിട്ട് അയാൾ മൽസരിക്കുന്നില്ല എന്നു വിചാരിക്കുക. അത് സംവരണംചെയ്ത മണ്ഡലവുമാണ്. എങ്ങനെ മുന്നോട്ട് പോകാൻ പറ്റും? അയാൾ മൽസരിക്കുന്നില്ല. നിങ്ങൾക്ക് നിർബന്ധിക്കാൻ പറ്റില്ലല്ലോ? ഭരണകക്ഷിയിലുള്ള ഒരു എസ്.സി. അല്ലെങ്കിൽ പ്രതിപക്ഷത്തുള്ള ഒരു എസ്.സി. അവർ പ്രസിഡന്റ് സ്ഥാനത്തേക്ക് മൽസരിക്കുന്നില്ല എന്ന് വിചാരിക്കുക. മൽസരിച്ചുകൊള്ളണമെന്ന് ഇതിനകത്ത് പറയുന്നുണ്ടോ? അങ്ങനെയും വരാം. ആ രൂപത്തിലുള്ള തടസ്സങ്ങൾ, നിയമപരമായിട്ടുള്ള തടസ്സങ്ങൾ എല്ലാം പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയണമെങ്കിൽ ഈ നിയമത്തെ സംബന്ധിച്ച് ഒരു സമഗ്രമായ കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം. കൂടുതൽ പ്രശ്നം ഉണ്ടാക്കുന്നതിനുവേണ്ടിയല്ലല്ലോ നമ്മൾ ഈ നിയമനിർമ്മാണത്തിന് രൂപംകൊടുക്കുന്നത്. അടുത്തത് 2004-ലെ കേരള മുനിസിപ്പൽ (രണ്ടാം ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിന്റെ ഭാഗമായിട്ടുള്ള എന്റെ വിയോജനക്കുറിപ്പുമാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ (447)-ന്റെ ഉപവകുപ്പ് (4)ഉം (5)ഉം പ്രകാരം വ്യവസായ വ്യാപാരങ്ങളും മറ്റു ഫാക്ടറികളും തുടങ്ങുന്നതിനുള്ള ലൈസൻസുകൾക്ക് നിലവിലുള്ള നിയമപ്രകാരം ഒരു വർഷക്കാലത്തേക്കാണ് കാലാവധി. ഇത് മൂന്നു വർഷമായിട്ട് മാറ്റുകയാണ്. ഇതിൽ വളരെ പ്രധാനമായി ശ്രദ്ധിക്കേണ്ടത്, ഈ വ്യവസ്ഥ നടപ്പാക്കുന്നതുമൂലം മലിനീകരണം ഉണ്ടാക്കുന്ന വ്യവസായശാലകൾ മുളച്ചുപൊങ്ങും. ഇപ്പോൾത്തന്നെ പാലക്കാട് ജില്ലയിൽ പുതുശ്ശേരി പഞ്ചായത്തിൽ നാല് വാർഡുകളിലും 36 ഇരുമ്പ്-ഉരുക്ക് വ്യവസായ സ്ഥാപനങ്ങളാണുള്ളത്. തരൂർ പഞ്ചായത്തിൽത്തന്നെ ഒരു എല്ലുപൊടി ഫാക്ടറിയുണ്ട്. കുഴൽമന്ദം മണ്ഡലത്തിലാണ് ഇത്. മറ്റേത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇതിന് നിയമപരമായ തടസ്സമുണ്ട്. ഭീമമായ തോതിലുള്ള വൈദ്യുതി, പരിസ്ഥിതിപ്രശ്നം, വായുമലിനീകരണം, ജലമലിനീകരണം എന്നിവകാരണം ജീവജാലങ്ങൾക്കും ഇതര വ്യവസായങ്ങൾക്കുമെല്ലാം ഇത് അപകടം വരുത്തുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ഇതിന് വിലക്ക് ഏർപ്പെടുത്താനുള്ള കാരണവും ഇതാണ്. അതുകൊണ്ട് അവർ ഇങ്ങോട്ട് വരികയാണ്. ഇവിടെ വന്ന് ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ പറ്റി ഒരു കൊല്ലത്തെ ലൈസൻസിന്റെ തണലിൽ കോടിക്കണക്കിന് രൂപ കൊള്ളയടിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ അതൊന്ന് റിന്യൂ ചെയ്ത് വാങ്ങും. പിന്നെയും റിന്യൂ ചെയ്ത് വാങ്ങും. അങ്ങനെ മൂന്നു കൊല്ലം കൊണ്ട് കോടിക്കണക്കിന് രൂപയുണ്ടാക്കി നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിനെ പറ്റിക്കും, അവർ സ്ഥലംവിടും. പാലക്കാട് ജില്ലയിൽ ഇങ്ങനെയുള്ള നിരവധി വ്യവസായശാലകളുണ്ട്. വൈദ്യുതിയുടെ ഉപഭോഗത്തിൽ ഒറ്റ കമ്പനി മാത്രം 99 കോടി രൂപ കൂടിശ്ശിക ഉണ്ടാക്കി. റിക്കവറിക്ക് ചെന്നുനോക്കുമ്പോൾ അവിടെയാകെ ഒന്നര ഏക്കർ സ്ഥലവും പിന്നെ ഒരു കുടത്തുണിയുമാണ് കണ്ടത്. അതിപ്പോൾ ഈ ഭേദഗതിയിലൂടെ ഒരു കൊല്ലത്തിന് പകരം മൂന്ന് കൊല്ലമാക്കിയാൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് കൊള്ള നടത്താനുള്ള ഒരു അവസരമാണ് ഉണ്ടാക്കിക്കൊടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഒന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും. നമ്മുടെ ഇരുമ്പ്-ഉരുക്ക് കമ്പനികൾ, വായുമലിനീകരണമുണ്ടാക്കുന്ന, അന്തരീക്ഷ മലിനീകരണമുണ്ടാക്കുന്ന കമ്പനികളെ ഇതിൽനിന്ന് ഒഴിവാക്കണം. മിനിമം ഒരു വർഷത്തേക്കുള്ള ലൈസൻസ് മതി. മൂന്ന് വർഷത്തേക്ക് കൊടുത്താൽ വലിയ അപകടമാണ് ഉണ്ടാകാൻ പോകുന്നത്. പാലക്കാട് ഏറ്റവും നല്ല ഉദാഹരണമാണ്. അവിടെനിന്ന് ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ ഇപ്പോൾ പറ്റില്ല. വെള്ളത്തിൽ നിറയെ പൊടിയാണ്. പാർട്സ്പിൻ എന്ന പട്ടോഡിയുടെ ഒരു നൂൽഉൽപ്പാദന കേന്ദ്രമുണ്ട്. എക്സ്പോർട്ട് ക്വാളിറ്റിയുള്ള നൂലാണ്. ജപ്പാനുമായി ടൈഅപ് ചെയ്തിട്ടുള്ളതാണ്. നമ്പർ വൺ നൂലാണ്. അതിന്റെയടുത്ത് പാരഗൺ എന്നു പറയുന്ന ഒരു ഇരുമ്പ്-ഉരുക്ക് കമ്പനി വരുന്നു. ഇവിടെനിന്ന് പുക പോയി നൂലിൽ കറ പിടിക്കുകയാണ്. അതുകൊണ്ട് എക്സ്പോർട്ട് ക്വാളിറ്റിയുള്ള നൂൽ കയറ്റുമതി ചെയ്യാൻ പറ്റുന്നില്ല. ആയിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സ്ഥാപനമാണിത്. അത് അടച്ചുപൂട്ടാൻ നിർബന്ധിക്കപ്പെടുകയാണ്. അതേസമയം പാരഗൺ കമ്പനിക്കാണെങ്കിൽ യാതൊരു കുഴപ്പവുമില്ല. ഇത്തരത്തിൽ മലിനീകരണമുണ്ടാക്കുന്ന സ്ഥാപനങ്ങൾ നിലവിലുള്ള മറ്റു വ്യവസായ സ്ഥാപനങ്ങളെയും അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെയും നിലനിൽപ്പിനെ ബാധിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പ്രത്യേകിച്ച് പറയാൻ കാരണം. അടുത്തത് 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ ആണ്. ഇതിൽ പറയുന്ന ഭേദഗതിപ്രകാരം പിഴപ്പലിശ 2 ശതമാനം എന്നുള്ളത് 1 ശതമാനമാക്കുകയാണ്. ഇതിന് കഴിയുമെങ്കിൽ ഒരു സ്ലാബ് കൊണ്ടുവരുന്നത് നന്നായിരിക്കും. ചിലർക്ക് അതിന്റെ ആനുകൂല്യം വേണം. മറ്റു ചിലർക്ക് അതിന്റെ ആനുകൂല്യം വേണ്ട. പിഴപ്പലിശ 2 ശതമാനം എന്നുള്ളത് 1 ശതമാനം എന്നാക്കുന്നത് പാവപ്പെട്ടവർക്കാണെങ്കിൽ അതു മനസ്സിലാക്കാം. കോടിക്കണക്കിന് രൂപ അരിയേഴ്സ് ഉള്ള വലിയ വലിയ വൻകിട സ്ഥാപനങ്ങൾ ഉണ്ട്. അവർക്കൊക്കെ ഈ ആനുകൂല്യം നൽകുന്നതിന്റെ ആവശ്യമെന്താണ്? അതുകൊണ്ട് 50,000 രൂപയ്ക്ക് മുകളിലുള്ള നികുതി കുടിശ്ശികയ്ക്ക് 2 ശതമാനം പലിശയും താഴെയുള്ളതിന് 1 ശതമാനം പലിശയും എന്നാക്കുന്നതായിരിക്കും നല്ലത്. ഇപ്പോൾത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യപരമായ പ്രവർത്തനത്തോടും അതിന്റെ ഫണ്ടിന്റെ കാര്യത്തിലുമൊക്കെ ഗവൺമെന്റ് കാട്ടുന്ന സമീപനം നമുക്കറിയാം. നാല് വർഷം കഴിയുമ്പോൾ വസ്തു നികുതിയുടെ റിവിഷൻ വേണ്ടതാണ്. അത് ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൊടുക്കുന്ന കാശിൽത്തന്നെ 25 ശതമാനം cut-ഉം ആണ്. വിനോദ നികുതി 40 ശതമാനം, 28 ആക്കി ചുരുക്കുകയും ചെയ്തു. സ്വാഭാവികമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന് വരുന്ന ചോർച്ചയ്ക്ക് കുറച്ചുകൂടി ഈ ഭേദഗതി ആക്കം കൂട്ടുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ സംബന്ധിച്ച് ഒരു സ്ലാബ് വയ്ക്കുന്നത് നന്നായിരിക്കുമെന്ന് അഭ്യർത്ഥിക്കുന്നത്. അടുത്തത് 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടാണ്. നോമിനേഷൻ കൊടുക്കുന്ന സമയത്തുതന്നെ ക്രിമിനൽ പശ്ചാത്തലവും സ്വത്തുവിവരവും കൊടുക്കണമെന്നുള്ളതാണ്. അത് സുപ്രീംകോടതി വിധിയാണ്. പക്ഷേ, ആ വിധി നേരത്തെ ശ്രീ. ജയരാജൻ സൂചിപ്പിച്ചതുപോലെ മാൻഡേറ്ററിയല്ല. അസംബ്ലിക്കും പാർലമെന്റിനും മാത്രമേ അത് ബാധകമാക്കേണ്ടതുള്ളൂ. ഇതിലുള്ള ഒരു പ്രശ്നം വളരെ ക്രീമീയായിട്ടുള്ള ജനപ്രതിനിധികൾ ഉണ്ടാകും. അവരൊക്കെ പല പ്രക്ഷോഭങ്ങൾക്കും നേതൃത്വം കൊടുത്തെന്നു വരും. പ്രത്യേകിച്ച് ആഗോളവൽക്കരണ-സാമ്പത്തികനയങ്ങൾ നടപ്പാക്കുന്ന ഒരു കാലഘട്ടത്തിൽ ജനകീയപ്രക്ഷോഭങ്ങൾ സ്വാഭാവികമാണ്. ആ പ്രക്ഷോഭത്തിന്റെ മുമ്പിലൊന്നും ജനപ്രതിനിധികൾക്ക് നിൽക്കാതിരിക്കാൻ പറ്റില്ല. എല്ലാവരും നിർബന്ധിക്കപ്പെടും. സാധാരണ നിലയിലുള്ള ഒരു ഒഫൻസിന് രണ്ട് കൊല്ലംവരെ ശിക്ഷിക്കാം. സി.ജെ.എം. കോർട്ടിലാണെങ്കിൽ, ഫസ്റ്റ് ക്ലാസ്സ് ഒഫൻസാണെങ്കിൽ രണ്ടു കൊല്ലത്തെ ശിക്ഷ കിട്ടും. ഇപ്പോൾ ബഹുമാനപ്പെട്ട പി.ജയരാജനെ രണ്ട് കൊല്ലം ശിക്ഷിച്ചതാണ്. എന്നിട്ട് അസംബ്ലി മണ്ഡലത്തിൽ അദ്ദേഹത്തിന് മെമ്പർഷിപ്പ് നഷ്ടപ്പെട്ടത് ഓർക്കുമല്ലോ.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട അംഗം എന്റെ കേസ് സംബന്ധിച്ച് സൂചിപ്പിച്ചത് ഏറ്റവും നന്നായി. എന്നെ രണ്ട് വർഷക്കാലയളവിൽ കൂടുതൽ ശിക്ഷിച്ച് വിധിയുണ്ടായി. അതിനെതിരായി ഞാൻ സെഷൻസ് കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീലിൽ ഒരു വർഷമായി ശിക്ഷ കുറച്ചു. സുപ്രീംകോടതി വിധിയെ അടിസ്ഥാനപ്പെടുത്തി എന്റെ നിയമസഭാംഗത്വം റദ്ദാക്കിയതിനെത്തുടർന്ന് ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ, ഉപതെരഞ്ഞെടുപ്പ് ജൂൺ മാസം 2-ാം തീയതിയായിരുന്നു. നാല് ദിവസം മുമ്പാണ് എന്റെ ശിക്ഷ കുറച്ചതിനെതിരായി ഗവൺമെന്റ് ഭാഗം വക്കീൽ ഹൈക്കോടതിയിൽ റിവിഷൻ ഹർജി കൊടുത്തത്. ഈ രാജ്യത്ത് നിയമമുണ്ട്. ആ നിയമം എങ്ങനെ ദുർവ്യാഖ്യാനിക്കുന്നു എന്ന് സൂചിപ്പിക്കാനാണ് ഞാൻ പറഞ്ഞത്. 90 ദിവസമാണ് ലിമിറ്റേഷൻ ആക്ട് അനുസരിച്ച് അസൈൻമെന്റ്സ് കൊടുത്ത് റിവിഷൻ കൊടുക്കേണ്ട സമയപരിധി. ആ സമയപരിധി ലംഘിച്ച് 1345 ദിവസങ്ങൾക്കുശേഷം തെരഞ്ഞെടുപ്പിന് നാല് ദിവസം മുമ്പ് മുഖ്യമന്ത്രി കണ്ണൂരിൽ വന്ന് ഒരു മുൻമന്ത്രിയടക്കം നേതൃത്വം കൊടുത്തുകൊണ്ടാണ് റിവിഷൻ ഹർജി ഫയൽ ചെയ്തത് എന്ന കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: ജനാധിപത്യ കേരളം ലജ്ജിച്ച് തലതാഴ്ത്തിയ ഒരു സംഭവമായിരുന്നു അത്. അതുകൊണ്ട് ശ്രീ. പി. ജയരാജൻ ഇപ്പോൾ മത്സരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് അദ്ദേഹം ഒരു സാദാ സ്ഥാനാർത്ഥിയായിരുന്നില്ല; ഒരു symbol ആയിരുന്നു. ആഗോളവൽക്കരണത്തിനെതിരായുള്ള, വർഗ്ഗീയശക്തികൾക്കെതിരായുള്ള പോരാട്ടത്തിന് ജനങ്ങളുടെ മുമ്പിലുള്ള ഒരു പ്രതീകമായിരുന്നു. അങ്ങനെയാണ് 48,000 വോട്ടുകളുടെ ഭൂരിപക്ഷം കിട്ടിയത്. 90 ദിവസത്തിനുള്ളിൽ അപ്പീൽ കൊടുക്കേണ്ടതിനുപകരം 1500 ദിവസം കഴിഞ്ഞാണ് അപ്പീൽ കൊടുക്കുന്നത് എന്നുപറഞ്ഞാൽ ഈ രാജ്യത്തെ പ്രക്ഷോഭത്തിന്റെ മുമ്പിൽ നിൽക്കുന്ന, ജനവികാരത്തിന്റെ മുമ്പിൽനിൽക്കുന്ന സ്ഥാനാർത്ഥികളെ താറടിച്ചു കാട്ടാനും അവരെ നിയമത്തിന്റെ മുമ്പിൽ ഏറ്റവും മോശക്കാരായി ചിത്രീകരിക്കുന്നതിനുമാണ് യു.ഡി.എഫ്. ശ്രമിച്ചിട്ടുള്ളത്. ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ചെയർ അടക്കം നാളെ ഒരു പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കാൻ നിർബന്ധിക്കപ്പെട്ടാൽ, ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ രാജ്യത്തിനും ജനങ്ങൾക്കും ഉണ്ടാക്കുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഈ സമൂഹത്തിന്റെ മുമ്പിൽ തിരിഞ്ഞുനിൽക്കാൻ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് കഴിയില്ല. രണ്ടുകൊല്ലം ശിക്ഷിക്കും. അപ്പോൾ സ്വാഭാവികമായി നമ്മുടെ സമൂഹത്തിലെ ക്രീമീയായിട്ടുള്ള ആൾക്കാരാണ് ഇതിൽനിന്ന് പോവുക. ആർ.പി. ആക്ടിൽത്തന്നെ ഇതിന് ഭേദഗതി ആവശ്യമാണ്. ഏത് ഒഫൻസും രണ്ടുകൊല്ലത്തെ തടവുമായി ബന്ധമുള്ളതായിരിക്കും. അപ്പോൾ ഒഫൻസ് ഏതാണ്? moral turpitude, theft, robbery, rape, attempt to commit rape- ഇതെല്ലാം ഒഴിവാക്കേണ്ടി വരും. വെറും രണ്ടു കൊല്ലം എന്നുപറഞ്ഞാൽ പറ്റില്ല. അതുകൊണ്ട് ഇവിടെ ഇപ്പോൾ ഈ നിയമത്തിന് രൂപം കൊടുക്കുമ്പോൾ മാൻഡേറ്ററിയല്ല, സുപ്രീംകോടതി വിധി അനുസരിച്ച് അത് മാൻഡേറ്ററിയായി നമ്മൾ അംഗീകരിച്ചുകൊള്ളാമെന്നില്ല, പക്ഷേ, നമ്മൾ സുപ്രീംകോടതി വിധിയനുസരിച്ച് നിയമമുണ്ടാക്കുമ്പോൾ, ഏതെല്ലാം ഒഫൻസുകളാണ് നോമിനേഷൻ കൊടുക്കുന്ന സമയത്ത് exempt ചെയ്യപ്പെടേണ്ടത് എന്നതു സംബന്ധിച്ച് വ്യക്തത ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക് അധികാരമുണ്ട് എന്നുള്ളതുകൊണ്ടുതന്നെ ഈ ബില്ലിന്റെ ഭാഗമായി അത് വരണം. അല്ലെങ്കിൽ പലർക്കും മൽസരിക്കാൻ പറ്റില്ല. സ്വാഭാവികമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആർക്കും ഭാരവാഹിത്വം വഹിക്കാൻ പറ്റാത്ത സാഹചര്യമുണ്ടാകും.

2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് രണ്ടാമത്തെ ബില്ലിന് സമമാണ്. അതായത് 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് സമാനമാണ്. പതിനഞ്ചു ദിവസത്തിനകം സത്യപ്രതിജ്ഞ നടന്നില്ലെങ്കിൽ disqualification ആണ്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. അത് ബില്ലിന്റെ ഭാഗമായി എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള ബില്ലിനുമുള്ള എന്റെ ഡിസെന്റാണ്. നേരത്തേ 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി)

ബില്ലിനെ സംബന്ധിച്ച് ഞാൻ ചില കാര്യങ്ങൾ പറഞ്ഞു. ലൈസൻസ് ഒരു വർഷം എന്നുള്ളത് മൂന്നുവർഷമാക്കുന്ന ഭേദഗതിയാണത്. മലിനീകരണമുണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ഇതിന്റെ ആനുകൂല്യം കൊടുക്കാൻ പാടില്ല എന്നുള്ള എന്റെ അഭിപ്രായം ഈ ബില്ലിന്റെ ഭാഗമായി ഒന്നുകൂടി എടുത്തുപറയുകയാണ്. എട്ടാമത്തെ ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ നേരത്തെ സൂചിപ്പിച്ചതുപോലെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അപ്രോപ്രിയേഷൻ ബിൽ 12.30-ന് എടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ സെൻസ് അനുസരിച്ച് ഇത് കഴിഞ്ഞെടുക്കാം.

ശ്രീ. കെ. ബാബു: സർ, അപ്രോപ്രിയേഷൻ ബിൽ 12.30 മുതൽ 1.30 വരെ എടുക്കണം എന്നാണ് കീഴ്വഴക്കം. സഭ ആ റൂൾ waive ചെയ്തിട്ടില്ല. ആ നിലയ്ക്ക് അപ്രോപ്രിയേഷൻ ബിൽ ഇപ്പോൾ എടുക്കുന്നതാണ് ചട്ടം അനുസരിച്ച് ചെയ്യേണ്ടത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ചെയറിന് പറയാൻ ഒക്കില്ല, ഹൗസിന് പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടങ്ങിക്കഴിഞ്ഞ ഈ ബിൽ പാസ്സാക്കിയതിനുശേഷം നമുക്ക് ധനവിനിയോഗബിൽ എടുക്കാം. സഭയുടെ സെൻസ് എടുത്തുകൊണ്ടാണ് ചെയർ പറയുന്നത്.

ശ്രീ. എ. കെ. ബാലൻ : നോമിനേഷൻ കൊടുക്കുന്ന ആളിന്റെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ചും സ്വത്തുവിവരം സംബന്ധിച്ചും മറ്റുമാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഇതിന്റെ ഭാഗമായി എനിക്ക് കൂട്ടിച്ചേർക്കാനുള്ളത്, legalization സംബന്ധിച്ച് ഒരു വ്യക്തത ഉണ്ടാക്കിക്കൊടുക്കണം എന്നുള്ളതാണ്. ഇതിൽ കുടുംബം എന്നു പറയുമ്പോൾ ആരാണ് എന്നതു സംബന്ധിച്ച് എടുത്തുപറയുന്നത് നന്നായിരിക്കും. ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇപ്പോൾ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഇലക്ഷൻ നടക്കാൻ പോകുന്നുവെന്ന്. എന്നാൽ ഇന്നേവരെ Delimitation പൂർത്തീകരിച്ചിട്ടില്ല. ഈ ദിവസംവരെ അത് പൂർത്തികരിച്ചിട്ടില്ല. ഇന്ന് ആഗസ്റ്റ് 3 ആണ്. പാലക്കാട് ജില്ലയിലെ വിളയൂർ പഞ്ചായത്ത്, അതുപോലെതന്നെ കൊപ്പം പഞ്ചായത്ത്—ആ രണ്ടു പഞ്ചായത്തിലും നടന്ന ഒരു പ്രത്യേകപ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനാഗ്രഹിക്കുന്നു. അവിടെ 27-4-2005-ൽ പഞ്ചായത്ത് സെക്രട്ടറി വാർഡ് വിഭജനത്തിന്റെ കരട് ജില്ലാ കളക്ടർക്ക് കൊടുത്തു. 5-5-2005-ന് കരട് പ്രസിദ്ധീകരിച്ചു. പരാതി കൊടുത്തു. പരാതിക്കുമുകളിൽ 20-5-2005-ൽ ജില്ലാ പട്ടികജാതി ഓഫീസർ പട്ടാമ്പി പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സിറ്റിംഗ് നടത്തി; പരാതി കേട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ 21-6-2005-ൽ തൃശ്ശൂരിൽ Delimitation Commission hearing നടത്തി. ഇന്നേവരെ ഇതിന്റെ റിസൽട്ട് പുറത്തുവന്നിട്ടില്ല. 2-8-2005-ന് പാലക്കാട് ആർ.ഡി.ഒ.യും ഓഫീസർമാരും

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയെയും പരാതിക്കാരെയും വരുത്തി. 2-8-2005-ൽ ആർ.ഡി.ഒ. വിളയൂർ പഞ്ചായത്ത് വികസന ഓഫീസർ സഹിതം വാർഡുകളുടെ അതിർത്തി പരിശോധിച്ചു physical verification നടത്തി. ഇന്ന് സെക്രട്ടറിയോട് ആർ.ഡി.ഒ.യുടെ അടുക്കൽ ചെല്ലാൻ പറഞ്ഞിരിക്കുകയാണ്. 27-5-2005-ന് തുടങ്ങിയ പ്രക്രിയയാണ്. ഇന്നുവരെ Delimitation Commission-ന്റെ അവസാനതീർപ്പ് വിളയൂർ പഞ്ചായത്തിൽ പ്പോലും വന്നിട്ടില്ല. കൊപ്പം ഗ്രാമപഞ്ചായത്തിലും വന്നിട്ടില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഒന്നുകിൽ ഡിലിമിറ്റേഷൻ കമ്മീഷന് വിട്ടുകൊടുക്കുക. അവർ തീരുമാനിക്കട്ടെ. അവർ തീരുമാനിച്ചു പറഞ്ഞ് പഞ്ചായത്ത് സെക്രട്ടറി കളക്ടറേറ്റിലേക്ക് കൊണ്ടുവരും, തിരിച്ചുവരും, തൃശ്ശൂരു, പോകും, തിരുവനന്തപുരത്തു പോകണം, വീണ്ടും തിരിച്ചുപോകണം—എന്തിനുവേണ്ടിയാണിത്? അതുകൊണ്ട് delimitation പ്രക്രിയ ഇത്രാം തീയതിക്കകം പൂർത്തീകരിക്കും എന്നെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഈ എട്ടാം ഭേദഗതി നിയമത്തിന്റെ മറുപടിയുടെ ഭാഗമായി പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്.

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒന്നാം വായന സമയത്ത് വളരെ വിശദമായി ഇതിനെക്കുറിച്ച് സംസാരിച്ചതുകൊണ്ടും പ്രത്യേകമായി പുതിയ ഭേദഗതികൾ നിർദ്ദേശിക്കാനില്ലാത്തതുകൊണ്ടും ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു; സംസാരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, ഈ എട്ടു ബില്ലുകളും വളരെ തുറന്നമനസ്സോടെ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ, മിനിസ്റ്റർ, അങ്ങ് ആദ്യത്തെ ബില്ലിനെക്കുറിച്ച് പറയൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇവിടെ ആദ്യത്തെ ബില്ലിൽത്തന്നെ വളരെ തുറന്ന മനസ്സോടെ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതാണ്- പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ചില വിഷമതകൾ ഒഴിവാക്കാൻവേണ്ടി അനിവാര്യമായ ചില ഭേദഗതികളാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly